# അനുതാപവും വിശ്വാസവും

ഫാ. സ്ററീഫൻ പ്ലാത്തോട്ടത്തിൽ ഒ.ഐ.സി.

www.malankaralibrary.com

# അനുതാപവും വിശ്വാസവും

(സാറൂഗിലെ മാർ യാക്കോബ് മല്പാന്റെ
പ്രസംഗങ്ങൾ)

മലയാള വിവർത്തനം:

ഫാ. സ്റ്റീഫൻ പ്ലാത്തോട്ടത്തിൽ ഒ.ഐ.സി.

1997

www.malankaralibrary.com

# ANUTHAPAVUM VISWASAVUM

(Repentance and Faith)

Translated by: Fr. Stephen Plathottathil O. I. C.
Bethany Ashram
Nedumangad

First Edition: 1997

Published by and available at:

Bethany Ashram

Nedumangad

Price: Rs. 15

Printed at: Bethany Press, Nedumangad.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# അവതാരിക

സാറൂഗിലെ മാർ യാക്കോബ് (Jacob of Sarug) അറമായ അഥവാ സുറിയാനി സാഹിത്യത്തിൽ വിശുദ്ധ അപ്രേമിന്റെ അടുത്ത സ്ഥാനീയനാണ്. മാർ അപ്രേമിനെപ്പോലെ ഇദ്ദേഹവും തനതായ ഒരു ശൈലി സ്വീകരിച്ചിരുന്നു. ഏ. ഡി. 451–ൽ യൂഫ്രട്ടീസ് തീരത്തുള്ള സാറൂഗ് ജില്ലയിലെ കൂർത്തം എന്ന ഗ്രാമത്തിലാണ് യാക്കോബ് ജനിച്ചത്. ക്രിസ്തു വിജ്ഞാനീയത്തിൽ ഏറെ തർക്കങ്ങളും, വിദ്വേഷ പൂർവ്വകമായ വൈപരീത്യങ്ങളും നിറഞ്ഞ ഒരു കാലയളവിലാണ് അദ്ദേഹം വളർന്നു വന്നത്. വിദ്യാർത്ഥിയായിരിക്കുമ്പോഴും യാക്കോബ് അന്ത്യോക്യൻ വേദശാസ്ത്രക്കളരിയുടെ സ്വാധീനത്തിന് വിധേയനായിരുന്നു എങ്കിലും പല വിഷയങ്ങളിലും സ്വന്തം ബോദ്ധ്യങ്ങളിൽ ഉറച്ച് നിന്ന് വിയോജിപ്പ് പ്രകടിപ്പിക്കുവാൻ അദ്ദേഹം ധൈര്യം കാട്ടിയിരുന്നു.

മാർ യാക്കോബ് തന്റെ വിദ്യാഭ്യാസം എഡേസായിൽ പൂർത്തിയാക്കി. തുടർന്ന് പൗരോഹിത്യം സ്വീകരിക്കുകയും ചെയ്തു. അദ്ദേഹം മല്പാനായി അറിയപ്പെടുകയും 502/503 കാലയളവിൽ ഹവുരായിൽ കോർ എപ്പിസ്കോപ്പാ പദവിയിലേക്കുയർത്തപ്പെടുകയും ചെയ്തു. പിന്നീട് 519–ൽ തന്റെ നാടായ സാറൂഗിലെ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു. അന്ന് യാക്കോബിന് 70 വയസ്സായിരുന്നു. താൻ ആഗ്രഹിക്കാത്ത ഈ സ്ഥാനം സ്വീകരിച്ചത് വൈദീക സമൂഹത്തിന്റേയും ദൈവജനത്തിന്റേയും

www.malankaralibrary.com

നിർബന്ധത്തിന് വിധേയനായിട്ടാണ്. രണ്ട് വർഷ ക്കാലം മാത്രമേ മെത്രാപ്പോലീത്തയായി അദ്ദേഹം ജീവിച്ചുള്ളൂ. 521-ൽ അദ്ദേഹം ഭാഗ്യമരണം പ്രാപിച്ചു.

ജീവിതത്തിലെ നല്ല ഭാഗം ദൈവീക സാഹിത്യ രചനയിൽ അദ്ദേഹം മുഴുകി. സഭാചരിത്രരേഖകൾ പ്രകാരം 22-ാം വയസ്സു മുതൽ മരണം വരെയുള്ള അര നൂററാണ്ട കാലയളവിൽ കാവ്യ ശൈലിയിലുള്ള 763 പ്രസംഗങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. ഗദ്യ രൂപത്തി ലുള്ള 12 പ്രസംഗങ്ങൾ നാനാവിഷയങ്ങൾ വിദഗ്ധ മായി കൈകാര്യം ചെയ്യാൻ അസാധാരണ കഴിവുള്ള ഒരു മികച്ച എഴുത്തുകാരനായിരുന്നു യാക്കോബ് എന്നതിൻെറ തെളിവാണ്. മൂവായിരത്തിലധികം ശ്ലോകങ്ങളിൽ അദ്ദേഹം പഴയനിയമ, പുതിയനിയമ പഠനങ്ങൾ, സഭയുടെ വിശ്വാസ സത്യങ്ങൾ, പെരുനാള കൾ, ആചാരാനുഷ്ഠാനങ്ങൾ, എന്നിവയെല്ലാം വ്യാഖ്യാ നിക്കുകയും വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്.

പൗരസ്ത്യ നാടുകളിൽ സഭാകവി, പ്രസംഗകൻ, വേദശാസ്ത്രജ്ഞൻ, എന്നീ നിലകളിൽ വിശുദ്ധ അപ്രേമിനെപ്പോലെ യാക്കോബും ആദരിക്കപ്പെടുന്നു. യാക്കോബിൻെറ കൃതികളിൽ നിന്ന് 195 തെരഞ്ഞെ ടുക്കപ്പെട്ട പ്രസംഗങ്ങൾ മാത്രമേ ഇതുവരെ പ്രസിദ്ധീ കരിക്കപ്പെട്ടിട്ടുള്ളൂ. ബാക്കിയുള്ള കൈയെഴുത്തു രേഖ കൾ ഇനിയും പ്രകാശനം ചെയ്യേണ്ടവയാണ്. ആശയ സംപുഷ്ടമായ ഈ കൃതികൾ ഇതുവരെ മലയാള ഭാഷയിൽ ലഭ്യമാക്കാൻ കഴിയാത്തതു് ഒരു വലിയ കുറവുതന്നെയാണ്. എന്നാൽ കോട്ടയം സെൻറ് എഫ്രേം എക്യുമെനിക്കൽ റിസേർച്ച് ഇൻസ്റ്റിററ്യൂ ട്ടിൽ നിന്നും ഈ അടുത്ത കാലയളവിൽ പ്രകാശനം

www.malankaralibrary.com

ചെയ്ത മാർ യാക്കോബിന്റെ "മാർ തോമ്മയുടെ ഭാരത പ്രസ്ഥാനം" എന്ന കാവ്യശില്പം ഈ കുറവു് പരിഹരിക്കുവാനുള്ള ശ്രമത്തിൽ പ്രത്യാശ നൽകുന്നു. മാർ യാക്കോബിന്റെ സുപ്രസിദ്ധമായ പ്രസംഗ ശേഖരത്തിൽ നിന്നുള്ള രണ്ടു പ്രസംഗങ്ങളാണ് ബഥനി ആശ്രമസ്ഥനായ ബ. സ്കീഫനച്ചൻ ഇപ്പോൾ മലയാള ത്തിലേക്കു് തർജ്ജിമ ചെയ്തിരിക്കുന്നതു്. കേര ളീയർക്ക് സുറിയാനി സാഹിത്യ സമ്പത്തിന്റെ പരി ജ്ഞാനക്കുറവു് പരിഹരിക്കുന്നതിനുള്ള ചെറിയ ഒരു ഉദ്യമമായിട്ടാണ് ഈ ചെറുകൃതി പ്രകാശനം ചെയ്യുന്നത്. ബ. സ്കീഫനച്ചന്റെ തുടർന്നുള്ള പഠനവും സാഹിത്യരചനകളും സഭയ്ക്ക് മുതൽകൂട്ടാകുകയും സാഭാമക്കൾക്ക് വിശ്വാസ ജീവിതത്തിൽ പുരോഗതി കൈവരുത്തുകയും ചെയ്യുമെന്ന് പ്രത്യാശിക്കുന്നു.

ഉല്പത്തി പുസ്തകം 12-ാം അദ്ധ്യായം പത്തു മുതൽ ഇരുപതുവരെയുള്ള വാക്യങ്ങളും, വി. ലൂക്കോസിന്റെ സുവിശേഷം 22-ന്റെ 60, 61 വാക്യങ്ങളുമാണ് ഒന്നാം പ്രഭാഷണത്തിന്റെ ആധാരം. ലൗകികതയുടെ നശ്വര തയേയും, ദോഷതരത്തേയും വിശദമായി അവതരിപ്പിച്ചു കൊണ്ട് കരുണാമയനായ പിതാവിന്റെ സ്നേഹ ത്തിലേക്ക് നമ്മെ ആകർഷിക്കത്തക്ക വിധത്തിലുള്ള സൂക്തങ്ങളും പൈശാചിക ബന്ധങ്ങളെ ഇല്ലാതാക്കി ദൈവികതയിലേയ്ക്ക് അലിഞ്ഞു ചേരുന്നതിനുള്ള ആഹ്വാനവും ഇതിൽ ഉൾക്കൊണ്ടിരിക്കുന്നു.

വിശുദ്ധ മത്തായിയുടെ സുവിശേഷം 15-ന്റെ 21 മുതൽ 28 വരെയുള്ള വാക്യങ്ങളാണ് രണ്ടാം പ്രഭാ ഷണത്തിന്റെ അടിസ്ഥാനം. മാർ യാക്കോബിന്റെ ഭാവനാ സമ്പന്നതയും കാവ്യ സൗന്ദര്യവും കാനാൻ കാരി സ്ത്രീയെകുറിച്ചുള്ള പ്രഭാഷണത്തിൽ നമുക്കു

www.malankaralibrary.com

കാണാം. അവളിൽ അന്തർലീനമായിരുന്ന വിശ്വാസത്തിൻെറ ചുരുക്കം ഭംഗിയായി പടിപടിയായി മല്ലാൻ ഇവിടെ അഴിച്ചുകാണിക്കുന്നു. ഈ കൃതി അദ്ദേഹത്തിൻെറ വിശ്വാസ തീക്ഷ്ണതയുടെ ഒരു പ്രകാശനം കൂടിയാണ്.

ക്രിസ്തുനാഥനിൽ ജീവിതം ഹോമിച്ച് അന്ത്യംവരെ ദൈവസാന്നിദ്ധ്യ ബോധത്തിൽ വളർന്ന് പിതാവിൻെറ വാത്സല്യവാനായിത്തീർന്ന ഈ പുണ്യവാൻെറ ജീവിതം നമുക്ക് മാതൃകയാകട്ടെ. സന്യാസം എപ്പോഴും പ്രാർത്ഥനാമന്ത്രങ്ങൾ ഉരുവിട്ടു കഴിയുന്നതാണ് എന്ന് വിശ്വസിച്ചിരുന്ന ഒരു കാലയളവിൽ സാഹിത്യ രചനയും മററു പ്രവർത്തനങ്ങളും സന്യാസ ജീവിതത്തിൻെറ ഭാഗങ്ങളാണ് എന്ന സത്യത്തെ തൻെറ ജീവിത മാതൃകയിലൂടെ ലോകത്തിന് കാണിച്ചുകൊടുത്ത യാക്കോബ് സന്യാസ സഭകൾക്ക് കെടാവിളക്കാണ്. ഈ പുണ്യ താതൻെറ പാത നമുക്കും ഉൾക്കൊള്ളുവാൻ പരിശ്രമിക്കാം എന്ന പ്രാർത്ഥനയോടും ഇതുപോലെയുള്ള സംരംഭങ്ങൾക്ക് ബ. സ്റ്റീഫൻ അച്ചൻെറ പ്രയത്നം മാർഗ്ഗദർശനം നൽകട്ടെ എന്ന ആശംസയോടുംകൂടെ ഈ കൃതി സന്തോഷപൂർവ്വം ഞാൻ ബഹുജനസമക്ഷം അവതരിപ്പിക്കുന്നു.

സിറിൽ മാർ ബസ്സേലിയോസ്,
മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്,
തിരുവനന്തപുരം.

28—4—1996.

www.malankaralibrary.com

# ആശംസ

സാറൂഗിലെ മാർ യാക്കോബ് മല്പാൻ സുറിയാനി ഭാഷയിൽ രചിച്ച പ്രസംഗങ്ങൾ ഓരോന്നായി വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കുന്നതിന്റെ ആദ്യ പരിശ്രമമാണ് ബ. സ്റ്റീഫൻ പ്ലാത്തോട്ടത്തിലച്ചൻ ഇവിടെ നടത്തിയിരിക്കുന്നത്. സുറിയാനിയിലെ എല്ലാ സാഹിത്യ രചനകളും മനുഷ്യന്റെ ആത്മീയ വളർച്ചയെ ലക്ഷ്യംവച്ചുകൊണ്ടുള്ളതാണ്. ദൈവിക ചിന്തയിൽ പൂരിതമായ ഈ സാഹിത്യരചനകൾ പ്രധാനമായും വേദപുസ്തക വാക്യങ്ങൾ, സംഭവങ്ങൾ, സഭയുടെ വിശ്വാസ സത്യങ്ങൾ, പെരുനാളുകൾ, ആചാരാനുഷ്ഠാനങ്ങൾ എന്നിവയുടെ വ്യാഖ്യാനവും, വിശുദ്ധ ഗ്രന്ഥത്തിലെ വ്യക്തികളെകുറിച്ചുള്ള വിശദീകരണവുമാണ്. അതുപോലെ ദൈവമാതാവ്, നോമ്പാചരണം, അനുതാപം, പരേത സ്മരണ എന്നീ വിഷയങ്ങളെ ആസ്പദമാക്കിയുള്ള സാഹിത്യ രചനകളും ധാരാളമുണ്ട്. സുറിയാനി സഭാപാരമ്പര്യമുള്ള കേരള സഭയ്ക്ക് ഈ സാഹിത്യ സമ്പത്തിന്റെ ഭൂരിഭാഗവും അജ്ഞാതമാണ്. ഈ കുറവു പരിഹരിക്കുന്നതിനുള്ള ഉദ്യമം തീർച്ചയായും അഭിനന്ദനാർഹമാണ്. സഭാമക്കളുടെ ആത്മീയ ജീവിത വളർച്ചയ്ക്ക് ഈ കൃതി ഉപകരിക്കും എന്നുള്ളതിൽ സംശയമില്ല. ഭാവിയിൽ കൂടുതൽ വിവർത്തനങ്ങൾ വഴി നമ്മുടെ സഭാ പൈതൃകത്തിന്റെ ആത്മീയ ചൈതന്യം ഏവർക്കും മനസ്സിലാക്കിക്കൊടുക്കുന്നതിന്, അച്ചന്റെ പരിശ്രമം വിജയിക്കുന്നതിനുവേണ്ട സർവ്വ കൃപകളും ദൈവം പ്രദാനം ചെയ്യട്ടെ എന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു. ബ. അച്ചന് എല്ലാവിധ അനുമോദനങ്ങളും ആശംസകളും നേരുന്നു.

വെരി. റവ. ഫാദർ ജെറോം പീടികപ്പറമ്പിൽ.

സുപ്പീരിയർ ജനറൽ,

www.malankaralibrary.com

# നന്ദിയോടെ

വളരെ സന്തോഷത്തോടും നിറഞ്ഞ നന്ദിയോടും കൂടിയാണ് ഞാൻ ഈ ചെറുകൃതി നിങ്ങളുടെ സമക്ഷം കാഴ്ചവയ്ക്കുന്നത്. സുറിയാനി ഭാഷയിൽ നിന്നും ഈ പ്രസംഗങ്ങൾ വിവർത്തനം ചെയ്യുന്നതിന് എന്നെ സഹായിച്ചത് മുളന്തുരുത്തിയിലെ **പോണോടത്ത് P.C. കുഞ്ഞച്ചൻ** (റിട്ട. തഹസീൽദാർ) ആണ്. സുറിയാനി ഭാഷ എനിക്ക് ബാലപാഠം മുതൽ പറഞ്ഞുതന്ന് ഇതുവരെയുള്ള പ്രോത്സാഹനം നൽകിയത് സെൻറ് എഫ്രേം റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ബ. ജേക്കബ്ബച്ചനാണ്. അഭിവന്ദ്യ ബസ്സേലിയോസ് തിരുമനസ്സുകൊണ്ട് അവതാരിക എഴുതി തന്ന് എന്നെ അനുഗ്രഹിക്കുകയും, ബഥനി സന്യാസ സമൂഹത്തിൻെറ സുപ്പീരിയർ ജനറൽ പെ. ബഹു. ജെറോം പീടികപ്പറമ്പിലച്ചൻ ആശംസ എഴുതി എനിക്ക് പ്രോത്സാഹനം നൽകുകയും ചെയ്തു. പ്രസിദ്ധീകരിക്കുവാൻ പ്രോത്സാഹനം നൽകിയ നെടുമങ്ങാട് ബഥനി ആശ്രമസ്ഥരോടും ഞാൻ കടപ്പെട്ടിരിക്കുന്നു. എല്ലാവർക്കും നന്ദി അർപ്പിച്ചുകൊണ്ട്,

ഫാ. സ്റ്റീഫൻ പ്ലാത്തോട്ടത്തിൽ ഒ. ഐ. സി.

www.malankaralibrary.com

# ഒന്നാം പ്രഭാഷണം

## "അനുതാപം"

എന്റെ കർത്താവേ, നിന്നെ നോക്കുന്നവൻ നൻമയുടെ നിറവ് കാണുന്നു. ലോകത്തെ നോക്കുന്നവൻ ദുരിതങ്ങളുടെ നിറവിനെ ദർശിക്കുന്നു.

ഞങ്ങളുടെ കർത്താവേ, നിന്റെ പ്രകാശത്തിൽ നിന്നോടുകൂടെ നിന്റെ പിതാവിന്റെ ദേശത്തേയ്ക്ക് ഞാനും യാത്ര ചെയ്യട്ടെ (എന്തെന്നാൽ) ലോകം അന്ധകാരം നിറഞ്ഞതും അതിന്റെ വഴികൾ ഇടർച്ചയുടെ കെണികളുമാണ്.

അനുതാപികളെ ഉണർത്തുന്നവനായ പ്രഭാതമാകുന്ന എന്റെ കർത്താവേ, നീ ഞങ്ങളേയും ഉണർവുള്ളവരാക്കണമേ. (എന്തെന്നാൽ) ലോകം സ്വപ്നമയമാണ്. വഴിതെററി പോകുന്നവർ അനുതാപത്തിന്റെ മാർഗ്ഗം കണ്ടെത്തേണമെ.

ലോകത്തിന്റെ വഴികൾ ഗർത്തങ്ങളും കെണികളും നിറഞ്ഞതാകയാൽ പ്രകാശമുള്ളവനായ പുത്രാ നീ ഞങ്ങൾക്ക് വഴിയായിരിക്കേണമേ.

ലോകത്തിന്റെ കരങ്ങൾ കപടതയുടേയും മുഖസ്തുതിയുടേതും ആകയാൽ പാപം ലോകത്തിന്റെ എല്ലാ വ്യാപാരത്തേയും നഷ്ടപ്പെടുത്തുന്നു.

www.malankaralibrary.com

കോഴയുടെ ആധിക്യവും കപട ന്യായവിധികളും അനീതിയുള്ള തെരുവുകളും, മുഖസ്തുതിയുള്ള കൂട്ടങ്ങളുംകൊണ്ടു് ലോകം നിറഞ്ഞിരിക്കുന്നു.

ഇവ ലോകത്തിന്റെ സമാധാനം ഇല്ലാതാക്കുന്നു. സ്നേഹത്തെ അടിച്ചമർത്തുന്നു. നൻമയെ തെററിക്കുന്നു. (ആയതിനാൽ) ലോകത്തെ സ്നേഹിക്കുന്നവനാരോ അത് അവന് കയ്പു നിറഞ്ഞതും ദുരിതപൂർണ്ണവുമായ അനുഭവവുമായിരിക്കും.

അന്ധകാരത്തിന്റെ മക്കളുടെ കൂട്ടത്തിൽ പിശാച്ച് അധിവസിക്കുകയും, അതിൽ തന്നെ സഞ്ചരിക്കുന്നതിനായി കെണികൾ നിരത്തുകയും വലകൾ വിരിക്കുകയും ചെയ്യുന്നു.

പിശാച് അവന്റെ തിന്മകളാൽ സത്യത്തിന്റെ വഴികളെ മറയ്ക്കുന്നു. മനുഷ്യൻ ഈ കെണികളെ കാണാത്തതിനാൽ അവയിൽ വീഴുകയല്ലാതെ അകന്നു പോകാൻ അവനു സാധിക്കുന്നില്ല.

സ്വാതന്ത്ര്യം മറയ്ക്കപ്പെട്ട്, ജാഗ്രതകൂടാതെ വ്യാപരിച്ച് സൃഷ്ടിമുഴുവനും അനീതിയിൽ അകപ്പെട്ട് പീഡിപ്പിക്കപ്പെടുന്നു. കെണിയിൽ വീഴത്തക്കവണ്ണം എല്ലാം മനുഷ്യരും തങ്ങളുടെ കാലുകളെ നീട്ടുന്നു.

മനുഷ്യർ കെണികളിൽ വീഴത്തക്കവണ്ണം കെണികൾ അവരുടെ അടുത്തേക്ക് ഓടുകയല്ല ചെയ്യുന്നത്.

സ്വശക്തിയാൽ ദുഷ്ടന് ജയിക്കുവാൻ കഴിയാത്തതിനാൽ അവൻ ഭിന്നതയും ബഹളവും കൊണ്ട് (ലോകത്തെ) വ്യതിചലിപ്പിക്കുന്നു.

www.malankaralibrary.com

ആഗ്രഹിക്കുന്നവർ കാണാതിരിക്കത്തക്കവണ്ണം അവൻ കെണികളെ മറച്ചുവച്ചിരിക്കുന്നു. മറഞ്ഞിരിക്കുന്ന കെണികളെ ഉപേക്ഷിച്ചു പോകുന്നവനെ അവൻ പരിഹസിക്കുന്നു.

എല്ലാ മനുഷ്യരും സൂക്ഷിച്ചുവീക്ഷിക്കുന്നുവെങ്കിൽ പിശാചിന്റെ കെണികളെ കാണുമെങ്കിലും ശ്രദ്ധയോടെ കടന്നുപോകുന്നവന് അപകടം ഉണ്ടാവുകയില്ല.

വഴികളിൽ പിശാചുക്കൾ വലിയ ചതികൾ നിരത്തുന്നു. എല്ലാവരും ആഗ്രഹിക്കുന്നുവെങ്കിൽ ഈ വഞ്ചന മനസ്സിലാക്കാൻ കഴിയും.

ജീവിതത്തിന്റെ അവസാനം മരണമാണെന്ന് അറിയാത്തവരുടെ മേൽ വിധിദിവസം പെട്ടെന്നായിരിക്കും വന്നു ചേരുന്നത്.

ലോകം സ്വപ്നവും നിഴലുമാണെന്ന് അറിയാത്തവന്റെ മേൽ അതു വീഞ്ഞു പോലെ തിളച്ചു്, അവനെ ലഹരിക്കു അടിമപ്പെട്ടവനെ പോലെയാക്കുന്നു.

പ്രകൃതി നീതിയുള്ളതും ഈ സൃഷ്ടിയിൽ അനേകം നന്മകൾ ഉള്ളതുമാണ്. നല്ല കാര്യങ്ങൾ പ്രവർത്തിക്കുന്നതു് യുക്തമാകുന്നു.

തിന്മ പ്രവർത്തനങ്ങളെ പ്രകൃതി ദ്വേഷിക്കുന്നു. അവയെ ദ്വേഷിക്കുമ്പോൾ തന്നെ അവരെ വാത്സല്യത്തോടെ പരിലാളിക്കുകയും ചെയ്യുന്നു.

ലോകത്തിന്റെ വഴികൾ കുഴിമാടത്തിൽ വയ്ക്കപ്പെട്ടതുപോലെയാണെന്ന് അല്പം നേരത്തേയോ

www.malankaralibrary.com

അല്ലെങ്കിൽ അല്പം വൈകിയെങ്കിലും ആരാണ് മനസ്സിലാക്കാത്തത് ?

ഒരുവൻ പതിനായിരം നാണയങ്ങൾ സമ്പാദിച്ചാലും, അവൻ കുഴിമാടത്തിലേക്ക് പ്രവേശിക്കുമ്പോൾ ഇതൊന്നും അവനെ സഹായിക്കുകയില്ല.

സുഭിക്ഷത പകൽപോലെ വർദ്ധിക്കുന്നു. എങ്കിലും അവൻെറ ധനം മരണ സമയത്ത് ഇവിടെതന്നെ അവശേഷിക്കുന്നു എന്ന് അറിയാത്തവനാരുണ്ട് ?

ഒരുവൻ എല്ലാ സ്വർണ്ണവും നല്കിയാലും വേർപാടിൻെറ സമയത്ത് അവനിൽനിന്ന് കോഴ സ്വീകരിക്കപ്പെടുകയില്ല എന്ന് ആരാണറിയാത്തത് ?

കന്യക വ്യഭിചാരിണിയേക്കാൾ ശ്രേഷ്ഠമെന്നും അറിയാത്തവരായി ആരുണ്ട് ?

മദ്യപനായ ഒരുവനെ കാണുമ്പോൾ അവനോട് ആർക്കാണ് വെറുപ്പ് തോന്നാത്തത് ? അവനെ ആളുകൾ പരിഹസിക്കുമ്പോൾ അവനുമായുള്ള സഹവാസത്തിൽ നിന്നും മററുള്ളവർ വേഗം ഓടിയകലുന്നു.

തർക്കിച്ചു് വാഗ്വാദം നടത്തി ശല്യമുണ്ടാക്കുന്നവനെ ആര് ഇഷ്ടപ്പെടുന്നു ? അവൻ വൃദ്ധനെ നിന്ദിക്കുകയും, ബഹുമാന്യരായവരുടെ ഉപദേശത്തിന് വിധേയനാകാതെയിരിക്കുകയും ചെയ്യുന്നു.

വ്യാജവും മോഷണവും ആരാണ് വെറുക്കാത്തത്? ഒരിക്കലും അവരുടെ പ്രവൃത്തികൾ നല്ലവയായി ആർക്കും തോന്നുകയില്ല.

www.malankaralibrary.com

ആങ്കൽക്കറുസായുടെ കെണികൾ എവിടെയും കാണപ്പെടുന്നതിനാൽ, ഒരുവൻ നോക്കുമ്പോൾ അതിൽ നിപതിക്കത്തക്കവണ്ണം അവൻെറ കാല് അതിലേയക്ക് നീട്ടിപ്പോകുന്നു.

ധനമോഹം ഒന്നും നേടുന്നില്ല എന്ന് ഒരുവൻ അറിയുന്നു. സമ്പാദ്യത്തെ വീക്ഷിക്കുന്നവന് അവ മാറി മറിഞ്ഞ് പോകുന്നതാണെന്ന് ഗ്രഹിക്കാൻ സാധിക്കും.

വേശ്യാവൃത്തിയെ ശാസിച്ചാലും അതിൽ നിന്നും ആളുകൾ വിട്ടുനിൽക്കുന്നില്ല. ലഹരിക്ക് അടിമയായവൻ ശാസിക്കപ്പെടുമ്പോൾ മദ്യത്തെ കൂടുതലായി അവൻ ആഗ്രഹിക്കുന്നു.

സൃഷ്ടി പ്രകൃത്യാ നീതിയുള്ളതും വളരെ മനോഹരവും ആണ്. അവയിൽ നല്ലകാര്യങ്ങൾ പ്രവൃത്തിക്കുന്നത് ഉത്തമമാണ്.

പ്രകൃതി തിന്മപ്രവൃത്തികളെ വെറുക്കുന്നു. തിന്മപ്രവൃത്തികളെ വെറുക്കുന്നവരെ വാൽസല്യത്തോടെ താലോലിക്കുകയും ചെയ്യുന്നു.

നമുക്കു ലഭിച്ചിരിക്കുന്ന സ്വാതന്ത്ര്യത്തെക്കുറിച്ച് ദുഃഖിക്കാത്തവരായി ആരുണ്ട് ? ഇതുപോലെ നമ്മയെ സ്നേഹിക്കുന്നു എങ്കിലും ദിവസേന എല്ലാ തിന്മകളും നാം പ്രവർത്തിക്കുന്നു.

ദൈവം നമ്മയെ ഇഷ്ടപ്പെട്ട് അതിനുള്ള പ്രതിഫലം നൽകുന്നു. പ്രകൃതി അത് സമ്പാദിക്കുന്നതിനായി അവിടന്ന് സഹായിക്കുകയും ചെയ്യുന്നു.

www.malankaralibrary.com

കാഴ്ചക്കാരാൽ പ്രകൃതി നല്ലതും മഹത്തരമുള്ളതെന്നും പ്രകീർത്തിക്കപ്പെടുന്നു. എന്നാൽ നന്മയെ സ്നേഹിക്കുമ്പോഴുംകൂടി ഒരുവനും നന്മ പ്രവർത്തിക്കാൻ ഇഷ്ടപ്പെടുന്നില്ല.

എല്ലാവരും തിന്മയെ വെറുക്കുമ്പോഴും തന്നെ അതിനു വിധേയരായിരിക്കുന്നു. ദൈവവും അതിനെ വെറുക്കുകയും അതിൽ പ്രസാദിക്കാതിരിക്കുകയും ചെയ്യുന്നു.

പ്രകൃതി തിന്മയിൽ സൃഷ്ടിക്കപ്പെടാത്തതിനാൽ തിന്മയെ വെറുക്കുന്നു. എന്നിട്ടുപോലും ഈ ലോകം ഉത്സാഹത്തോടെ തിന്മതന്നെ പ്രവൃത്തിക്കുന്നു.

ദൈവം പ്രകൃതിയെ സൃഷ്ടിച്ചപ്പോൾ അത് വളരെ സുന്ദരമായിരുന്നു. എന്നാൽ ഇപ്പോൾ അതിലുള്ളതാകട്ടെ നിന്ദ്യവും അതിന്റെ യഥാർത്ഥ പ്രകൃതത്തിൽനിന്ന് അന്യമായിട്ടുള്ളതുമാകുന്നു.

പ്രകൃതി ദൈവസൃഷ്ടിയായിരുന്നു. അതു നല്ലതെന്ന് താൻ കണ്ടു. മാലിന്യങ്ങൾ സ്വാതന്ത്ര്യത്തോടുകൂടി സർപ്പം അതിൽ പ്രവേശിപ്പിച്ചു.

പാപം താനെ പ്രവേശിച്ചതാണ്. അതിനെ സൃഷ്ടാവ് പ്രകൃതിയിൽ വച്ചതല്ല. പാപം ചെയ്യുന്നിടത്ത് പ്രകൃതി നിസ്സാരവും ദുഃഖാകുലവുമാണ്.

നിന്ദിതമായ മോഹം പുറമേനിന്ന് നല്ലവരിൽ പ്രവേശിച്ചു. ഇത് അനാദ്യന്തമായ അവന്റെ ശോഭയെ നശിപ്പിക്കാനായി കൂട്ടുനില്ക്കുന്നു.

www.malankaralibrary.com

ഇതുമൂലം (പാപം) ആത്മാവ് വൃണപ്പെടുന്നു. ഇവരം (ആത്മാവ്) പാപം ചെയ്യുന്നതുകൊണ്ട് അപമാനവും ദുരിതവും മാത്രം; അല്ലാതെ നന്മ ലഭിക്കുന്നില്ല.

ആത്മാവ് ദൈവവുമായി സംയോജിച്ചിരിക്കുമ്പോരം അത് പാപത്തിലേയ്ക്ക് നയിക്കപ്പെടുന്നില്ല) ദൈവൈക്യത്തിൽ നയിക്കപ്പെടുമ്പോരം (ആത്മാവ്. തിന്മകളെക്കുറിച്ചു വ്യാകുലപ്പെടുന്നു.

വ്രണപൂരിതയായ ആത്മാവ് ആഗ്രഹിക്കുന്നു എങ്കിൽ കാഠിന്യമേറിയ പാപങ്ങളിൽനിന്ന് ഒഴിഞ്ഞിരിക്കാൻ അവരംക്കു സാധിക്കും. എന്തിന് അവളെ ശാസിക്കുന്നു ?

ക്രൂരനായ ഫറവോൻ സാറായെ അബ്രഹാമിൽനിന്ന് കൂട്ടികൊണ്ടുപോയി. നിഗളിയായ രാജാവ് ജനത്തെ അടിമയാക്കുന്നതിനായി തന്റെ രാജ്യത്തിലൂടെ ചുററി നടക്കുന്നു.

അബ്രഹാം വേനത്തിൽ ശേഷിപ്പിച്ച ചെറിയ അപ്പത്തോളംപോലും ആ സ്വതന്ത്ര പുത്രിക്ക് രാജാവിന്റെ ഭക്ഷണ മേശ ആസ്വാദ്യമായിരുന്നില്ല.

രാജാവിന്റെ ഉന്നതമായ കിടക്കയിൽ ദുഃഖിതയായി അവരം ശയിച്ചു. എന്നാൽ തന്റെ ഭർത്താവിനെക്കുറിച്ചോർത്തപ്പോരം അവിടെ അവരംക്ക് ഉറക്കം ആസ്വാദ്യകരമായി തോന്നിയില്ല

രാജഭൃത്യൻ ഭക്ഷണമേശയിൽ സാധനങ്ങരം ക്രമീകരിച്ചു വച്ചപ്പോഴും അടിമയായ അവരം തന്റെ ഭർത്താവിനോടുള്ള സ്നേഹത്തിൽ അവളുടെ ഹൃദയം ബന്ധിച്ചു. അവനെ അവരം വിസ്മരിച്ചില്ല.

www.malankaralibrary.com

ഫറവോൻെറ ധനം അവളുടെ നയനങ്ങളിൽ വെറുക്കപ്പെട്ടതും വേദനിപ്പിക്കുന്നതുമായിരുന്നു. അബ്രഹാമിൻെറ അടുത്തേക്കപോകുവാൻ അവരം ധൃതിപ്പെട്ടുകൊണ്ടിരുന്നു.

ദൈവത്തിൽനിന്ന് നിൻെറ ആത്മാവിനെ ദുഷ്ടൻ അകററുന്നു. മനുഷ്യവംശത്തെ നശിപ്പിക്കുന്ന അവനോടുകൂടെയുള്ള വിരുന്ന് നിന്നെ ഒരിക്കലും ആനന്ദിപ്പിക്കുകയില്ല.

സാറാ അബ്രഹാമിലേയ്ക്കു തിരിഞ്ഞതുപോലെ നീയും ദൈവത്തിങ്കലേയ്ക്കു തിരിയുക. അവൻ നിന്നെ ഉയർത്തും. വഞ്ചകനെ നീ ആശ്രയിക്കരുത്.

ഫറവോൻെറ ഗൃഹത്തിലേക്ക് സാറായ്ക്ക് ഇഷ്ടപ്പെട്ടില്ലെങ്കിലും പോകേണ്ടതായിവന്നു. എന്നാൽ നീ ആഗ്രഹിക്കെ അവൻ നിന്നെ കീഴ്പ്പെടുത്തുന്നതിനാൽ നിൻെറ അപമാനം എത്രയോ വലുതാകുന്നു.

നിൻെറ മേൽ വരയ്ക്കപ്പെട്ട അവൻെറ രൂപത്തെയും അവൻെറ ഏക ജാതനായവൻ നിനക്കു പ്രദാനം ചെയ്ത രക്ഷയേയും നീ ഓർക്കുക.

നീ അവൻേറതാകയാൽ അവൻ നിന്നെ അവനോടുകൂടെ യോജിപ്പിച്ചു. അവൻെറ പേരിനോടുകൂടെ നിൻേറതും എഴുതിയിരിക്കുന്നു. ആയതിനാൽ ആരാണ് നിൻെറ കർണ്ണങ്ങൾക്ക് അടുത്തിരുന്ന് അവനിൽനിന്ന് നിന്നെ അകററുന്നത്.

ലോകം അതിൻെറ പ്രലോഭനങ്ങളിൽ നിന്നെ അകപ്പെടുത്തി അതിൻെറ മോഹങ്ങളിലേയ്ക്ക് നിന്നെ

www.malankaralibrary.com

നയിച്ചു. കഠിനമായ വിലങ്ങുപോലെ അതിന്റെ ഇമ്പങ്ങളാൽ നീ ബന്ധിതയായിരിക്കുന്നു.

ദുഷ്ടലോകം തിന്മ വിതയ്ക്കപ്പെട്ടതും, നിലനില്പി ല്ലാത്ത താല്കാലിക ഭാഗ്യങ്ങൾ നിറഞ്ഞതുമായ ഫറവോൻ രാജാവിന്റെ മേശപോലെയാകുന്നു.

സ്വതന്ത്രയായ സാറായ്ക്ക് ഫറവോന്റെ ഭക്ഷണ മേശ പ്രസാദകരമായില്ല. ആത്മാവെ സൂക്ഷിച്ച നോക്കുക, ദുഷ്ടലോകം നിനക്ക് പ്രസാദകരമായിരി ക്കുകയില്ല.

സാറ അബ്രഹാമിനെ സ്മരിച്ചിരുന്നതുപോലെ നീ നിന്റെ ദൈവത്തെ ഓർക്കുക. അവൾ തന്റെ പങ്കാളിയിലേക്ക് തിരിഞ്ഞതുപോലെ നീയും ദൈവ സന്നിധിയിലേയ്ക്ക് തിരിയുക.

മെസ്രേൻകാർ അവരുടെ കവാടങ്ങളെ കാത്തു സൂക്ഷിച്ചതുപോലെ നീയും മടികൂടാതെ പ്രവർത്തി ക്കുക. നിന്നെ ഉററുനോക്കി പ്രതീക്ഷിച്ചിരിക്കുന്ന നീതിമാനിലേയ്ക്ക് നീ തിരിയുക.

നീ ദൈവ സന്നിധിയിലേയ്ക്ക് തിരിയുന്നുവെ ങ്കിൽ പിശാചുക്കൾ തളർന്നുപോകും (ദുഃഖിക്കും). നന്മകൾ നിറഞ്ഞ നിന്റെ അനുതാപത്താൽ അവരെ തളർത്തുക.

ദൈവത്തോടൊത്ത് നിന്റെ ആത്മാവ് ജീവിക്കു ന്നതു നിനക്കു ശ്രേയസ്കരമാണ്. നീ മൃതി നിറഞ്ഞ ലോകത്തെ ഉററുനോക്കുന്നവരോടൊത്തായിരിക്കരുത്.

ദുഷ്ടനായ ഫറവോൻ നിന്നെ ദൈവത്തിൽ നിന്നു പിടിച്ചെടുക്കുവാൻ ആഗ്രഹിക്കുന്നു. കണ്ടാലും നന്മ

www.malankaralibrary.com

കരം നിറഞ്ഞതായ നിൻെറ ബന്ധം ദുർബ്ബലപ്പെടുക ഇല്ല.

അല്ലയോ സാറാപുത്രി, സാറാ തൻെറ നീതിമാനി ലേയ്ക്കു തിരിഞ്ഞതു പോലെ നീയും തിരിയുക, നിൻെറ ആത്മാവു് ചോദിക്കുന്നവ, അന്യായക്കാരോ ടൊപ്പം തള്ളിക്കളയുകയില്ല.

ഫറവോൻ ഗൃഹത്തിൽ നിന്ന് യാത്രപുറപ്പെട്ട ദിവസം ഈറേന്മാർ സന്തോഷിച്ചു. എന്നാൽ നിൻെറ രക്ഷയിൽ മെസ്രേൻകാർ വിലാപത്തിൽ കഴിച്ചു കൂട്ടുന്നു.

ഹാമിൻെറ ഭവനം നിന്നെ നയിക്കുകയും മെസ്രേൻ കാർക്കു് അധർമ്മത്തെ നൽകുകയും ചെയ്യുന്നു. നിന്നെ കൂട്ടിക്കൊണ്ടുപോയ അടിമകളുടെ കൂടാരത്തിൽ നീ അവർക്കു് വിനയായിത്തീർന്നു.

നന്മകളെ സ്നേഹിക്കുന്ന ആത്മാവേ ലോകത്തിൽ നിന്നും ഓടി രക്ഷപ്പെട്ടുകൊള്ളുക, സ്വാതന്ത്ര്യയായവളെ അവളുടെ ബന്ധുവിൽ നിന്ന് കൂട്ടിക്കൊണ്ടുപോയ ഫറവോനിൽ നിന്നും ഓടി രക്ഷപ്പെട്ടുകൊള്ളുക.

ശോഭയുള്ള വസ്ത്രങ്ങളാലോ, മേൽത്തരം ഭക്ഷണ ത്താലോ നിന്നെ വ്യാകുലപ്പെടുത്തുന്ന മെസ്രേൻകാർ നിമിത്തം നീ നിരോധിക്കപ്പെടരുത്.

പുഷ്പം ചീഞ്ഞുപോകുന്നതുപോലെ ലോകം നിന്നെ വഴിതെററിക്കുകയില്ല. അതിൻെറ ഭംഗി സ്വപ്ന മയമാണ്. മാററമില്ലാത്തവനായ ദൈവത്തിൽ നീ ദൃഷ്ടിയുറപ്പിച്ചുകൊള്ളുക.

www.malankaralibrary.com

അശുദ്ധപിശാചുക്കളുടെ പ്രലോഭനങ്ങൾ നിന്നെ തെററിക്കാതിരിക്കുവാൻ സത്യവിരോധികളായ മെസ്രേൻകാരുമായുള്ള നിൻെറ സഹവാസം നീ വിച്ഛേദിക്കുക,

നീ ഭക്ഷിക്കുന്നതായ ഫറവോൻെറ അപ്പം നിനക്കു ഇമ്പമായിരിക്കുന്നു. സാറ അബ്രഹാമിനെ ഓർത്ത് അവൻെറ അടുത്തേക്ക് വന്നതുപോലെ ദൈവത്തെ ഓർത്തു് അവിടുത്തെ സന്നിധിയിലേയ്ക്കു അടുത്തു വരൂ.

സ്വാതന്ത്ര്യവും നന്മകൾ നിറഞ്ഞതും കളങ്കമില്ലാത്തതുമായ ആത്മാവ് രാജകീയ മുടിയും, ദൈവീകതയുടെ ഉന്നത പ്രതിഷ്ഠയുമാണ്.

അത്യുന്നതൻെറ സൃഷ്ടികളിൽ മേന്മയേറിയതിനെ താൻ ആവാഹിപ്പിച്ചിരിക്കുന്നു. തൻെറ ശ്രേഷ്ഠനായ തിരഞ്ഞെടുക്കപ്പെട്ടവൻെറ പ്രകാശമുള്ള പുത്രിയിൽ തൻെറ സ്വരൂപത്തെ താൻ വരച്ചു.

അത്യുന്നതനായ വലിയവൻെറ രൂപം മററു ചിത്രങ്ങളെക്കാൾ പ്രിയപ്പെട്ടതാണ്. നിന്നിൽ രൂഢമൂലമായിരിക്കുന്ന ഈ കമനീയതയെ വഷളാക്കുന്നത് ആരാണ് ?

പാപം എന്നെ നേരിട്ടു. അത് എന്നെ കീഴ്പ്പെടുത്തി, എൻെറ രൂപം മാഞ്ഞുപോകത്തക്കവണ്ണം മാലിന്യം നിറച്ചു. പ്രിയപ്പെട്ട അലങ്കാരങ്ങൾ കെട്ടുപോകത്തക്കവണ്ണം എന്നെ ഉപദ്രവിച്ചു.

ഞാൻ സ്നേഹിക്കുന്നതായ ദൈവത്തിൽനിന്നു് ഫറവോൻ എന്നെ അകററി. അവൻെറ ഉഗ്രത എന്നെ കീഴ്പ്പെടുത്തി ബന്ധിച്ച് എന്നെ പരിഹസിക്കുന്നു.

www.malankaralibrary.com

അണലിപ്പാമ്പിൻെറ പ്രഭയാൽ എൻെറ മുഖത്ത് പാപം പ്രവേശിച്ചു. ഞാൻ പ്രവർത്തിച്ച അനീതി മൂലം എന്നിൽ ജ്വലിക്കുന്ന മുറംപ്പടർപ്പും അന്ധകാര മായിത്തീർന്നു.

മെസ്രേൻകാരെപ്പോലെ സ്വാതന്ത്ര്യപുത്രിയായ എന്നെ സാത്താൻ ദ്വേഷിച്ചു. എന്നിൽ പരിഹാസം ചൊരി യുന്നതിനുവേണ്ടി ദൈവത്തിൽ നിന്നും അവൻ എന്നെ അകററി നയിക്കുന്നു.

മെസ്രേൻകാരെപ്പോലെ ദൈവസന്നിധിയിലേയ്ക്കു ഞാൻ തിരിയാതിരിക്കത്തക്കവണ്ണം, അന്ധകാരത്തിൻെറ മക്കളായ പിശാചുക്കൾ എനിക്ക് കാവലിരിക്കുന്നു.

ലോകം എന്നെ വരിഞ്ഞുകെട്ടി തിന്മയുടെ കവാട ത്തിൽ ബന്ധിച്ചിരിക്കുന്നു. ഞാൻ വസിക്കുന്ന അന്ധകാരത്തിൽ നിന്ന് ആരെന്നെ പുറത്തുകൊണ്ടു വരും ?

ഞാൻ പാപം ചെയ്തതിനാൽ തകർന്ന് തിന്മ പ്രവർത്തിച്ച്, ലജ്ജിച്ചു നിൽക്കുന്നു. ആര് എൻെറ മുറിവുകളെ വെച്ചുകെട്ടി, ഞാൻ സുഖമാക്കപ്പെട്ടു എന്നു പറയും?

എൻെറ കൈകളിലെ തിന്മ നിമിത്തം എന്നിൽ സൃഷ്ടിച്ച പ്രഭയെ, എന്നിൽനിന്ന് കെടുത്തിക്കളഞ്ഞു. ഞാൻ നിന്ദിതനായി തിരിച്ചു ചെല്ലുമ്പോൾ ആരെ നിക്ക് വതിൽ തുറന്നു തരും ?

ഞാൻ പുറപ്പെട്ടുപോന്ന സ്ഥലത്തേയ്ക്ക് പ്രവേ ശിക്കുവാനും നന്മകളെ വളരെയധികം സ്നേഹി

www.malankaralibrary.com

ക്കുന്ന മണവാളനെ കാണുവാനും എന്നെ അവർ അനുവദിക്കുകയില്ല.

തിന്മപ്പെട്ട ലോകത്തിൽ അനീതി പ്രവർത്തിച്ച ആത്മാവേ നീ ദൈവത്തിങ്കലേയ്ക്ക് തിരിച്ചു വരിക. നീ നശിപ്പിച്ചതായ ആ സമ്പത്തു അവിടുന്ന് നിനക്കു തിരിച്ചു തരും.

അബ്രഹാമും സാറാ അശുദ്ധയായിരുന്നപ്പോഠം അവളെ സ്വീകരിച്ചു. അവഠം അവനാൽ വെടിപ്പാക്കപ്പെട്ട് ശുദ്ധിയുള്ളവളായി അവനോടുകൂടി കഴിഞ്ഞു.

അവളുടെ അവയവങ്ങളിൻമേൽ അശുദ്ധി കണ്ടപ്പോഠം ഫറവോൻ അവളെ ഉപേക്ഷിച്ചു. അബ്രഹാമിൻെറ സന്നിധിയിൽ അവഠം പ്രവേശിച്ച ഉടനെ അവൻ (അബ്രാഹം) അവളെ വെടിപ്പുള്ളവളാക്കി.

ആ സ്വതന്ത്ര പുത്രിയെ അവൻ പഴിച്ചില്ല. നിന്ദിച്ചതുമില്ല, പിന്നയോ അവഠം മുഖാന്തിരം അവൻ ആഹ്ലാദിക്കുകയും, വെടിപ്പും പരിപാകതയുള്ള അവനോടൊന്നിച്ച് അവഠം വസിക്കുകയും ചെയ്തു.

തന്നിലേയ്ക്ക് നാം തിരിച്ചുവരുവാൻ ആഗ്രഹിക്കുന്ന ദൈവം നിന്നിലും സന്തോഷിക്കും. അവിടുന്ന് നിന്നെ സ്വീകരിച്ചു ശുദ്ധീകരിച്ചു വെടിപ്പാക്കും.

നീ മുഴുകിയിരിക്കുന്ന മ്ലേച്ഛതയിൽ നിന്ന് തിരിഞ്ഞു് പുറത്തു വരിക. നിന്നെ ശുദ്ധീകരിക്കുന്നതിനായി വിശുദ്ധൻ അലംഭാവം കാണിക്കുകയില്ല.

അശുദ്ധത പ്രവർത്തിച്ച സാറ ശുദ്ധീകരിക്കപ്പെട്ടതുപോലെ അബ്രഹാമിൻെറ ദൈവം അവനുമായുള്ള സഹവാസത്താൽ നിന്നേയും ശുദ്ധീകരിക്കും.

www.malankaralibrary.com

അനുതപിക്കുന്ന ആത്മാവേ നീ വന്നു ദൈവ സന്നിധിയിലേയക്ക് പ്രവേശിക്കുക. എന്തെന്നാൽ അനുതാപം വാതിൽ തുറക്കുകയും ബന്ധനങ്ങരം അഴിക്കുകയും ചെയ്യുന്നു.

തിന്മയുടെ ആ കൊട്ടാരത്തെ ഉപേക്ഷിച്ച് നീ പുറത്തുവരിക, ഉടനെ നിൻെറ ഉടയവനായ കർത്താവ് നിനക്കു നേരെ വാതിൽ തുറന്നുതരും.

അവൻെറ ഭുജങ്ങരം നീട്ടി നിന്നെ സ്വീകരിച്ചു് അവൻ നിന്നെ താലോലിക്കും. നീ ഒരിക്കലും തിൻമ ചെയ്തില്ല എന്നതുപോലെ നിന്നിൽ അവിടുന്ന് ആഹ്ളാദിക്കുകയും ചെയ്യും.

നീ പാപം ചെയ്തതിനെയോർത്ത് അവിടുന്ന് നിന്നെ നിന്ദിക്കുകയോ, നിന്നെ കുററം ചുമത്തുകയോ ചെയ്യുകയില്ല. മറിച്ച് നീ അവിടുത്തെ പക്കലേക്ക് തിരിഞ്ഞതിനെയോർത്ത് സന്തോഷിക്കുകയും, നിന്നെ സ്നേഹിക്കുകയും ചെയ്യുന്നു.

നീ തടസ്സങ്ങളെ ഇല്ലാതാക്കുക, അപ്പോരം നിന്നെ അവൻ സ്വീകരിക്കുന്നതിനായി തടയുകയില്ല. നിൻെറ തിരിച്ചുവരവിൻെറ എതിരേല്പിന് പുറപ്പെടുവാൻ താൻ തയ്യാറായിരിക്കുന്നു.

നീ അനുതാപത്തിലേയ്ക്ക് തിരിയുന്നില്ലായെങ്കിൽ നീ മുടക്കപ്പെടുന്നു. സ്വീകരിക്കുന്നതിനായി തുറക്കപ്പെടുന്ന വാതിലും നിനക്ക് തടയപ്പെട്ടതായിരിക്കും.

www.malankaralibrary.com

അവൻെറ സന്നിധാനത്തിൽ നിന്ന് നിന്നെ ബന്ധിച്ച് തടയുവാൻ ഫറവോനുപോലും സാധിക്കുകയില്ല. നീ ഉടനെ അവനെ (പിശാചിനെ) ഉപേക്ഷിക്കുവാൻ ഇച്ഛിച്ചാലും പിശാച് നിന്നെ പിടിക്കുകയില്ല (ഉപദ്രവിക്കുകയില്ല).

നീ ബന്ധനസ്ഥനല്ലാത്തപ്പോഠം ആർക്കു നിന്നെ ആക്ഷേപിക്കാൻ സാധിക്കും ? എന്തെന്നാൽ നീ അവനോടു (ദൈവത്തോടു) കൂടിയാണ്. നീ മാറിപ്പോകാൻ ആഗ്രഹിക്കുന്നു എങ്കിൽ നിന്നെ അവൻ (പിശാച്) ഞെരുക്കുകയില്ല.

അശുദ്ധമായവരെ ശുദ്ധിയാക്കുന്നവൻ നിന്നെ പ്രതീക്ഷയോടെ കാത്തിരിക്കുന്നു. വഴിതെററിപ്പോയവരുടെ മേൽ തൻെറ രക്തത്തിൻെറ സോപ്പാ തളിക്കത്തക്കവിധം നിന്നെ അവൻ ശുദ്ധമാക്കും.

നീ തിരിഞ്ഞു അവൻെറ സന്നിധിയിലേയ്ക്കു ചെല്ലുന്നുവെങ്കിൽ നിന്നെ അവനോടു കൂട്ടിച്ചേർക്കും. നിന്നെ കൂട്ടിച്ചേർത്തുകഴിയുമ്പോഠം അവനാൽ നീ ശുദ്ധീകരിക്കപ്പെട്ടും.

വിശ്വസിക്കേണ്ടവനിൽ നീ വിശ്വാസിയല്ലാത്തതുകൊണ്ടാണങ്കിൽ പോലും, നിന്നെ അവിടന്നു് ശുദ്ധീകരിക്കുന്നുവെങ്കിൽ, തന്നോടു ചേരുന്നവരെ വിശുദ്ധന്മാരുടെ ഉടയവൻ എത്രയധികമായി ശുദ്ധീകരിക്കം.

അനുതാപത്താൽ ആത്മാവ് ദൈവസന്നിധിയിൽ പ്രവേശിച്ച് അവനോട യോജിപ്പിക്കപ്പെട്ട്, അവനോടൊന്നിച്ച് ഏക ആത്മാവായിത്തീരുന്നു.

www.malankaralibrary.com

ഫറവോൻ ഗ്രഹത്തിൽനിന്ന് വന്ന സാറ സ്വീകരിക്കപ്പെട്ടതുപോലെ അബ്രഹാമിൻെറ ഉടയവനായ ദൈവത്താൽ നീയും സ്വീകരിക്കപ്പെടും.

തിരിച്ചു വരുന്ന നിന്നെ സ്വീകരിക്കുന്നതിനായി, കരുണ നിറഞ്ഞതും, തുറക്കപ്പെട്ടതുമായ വാതിലോട്ടു കൂടി, അവിടുന്ന് നിന്നെ കാത്ത്നില്ക്കുന്നു.

ഓ ആത്മാവേ ലോകത്തിൻെറ മോഹങ്ങൾ നിന്നെ കീഴ്പ്പെടുത്തിയിരിക്കുന്നു. തിന്മകൾ നിറഞ്ഞ ഫറവോൻെറ ഗൃഹമായ ലോകത്തിൽ നിന്നു് നീ ഓടി ഒളിക്കുക.

മെസ്രേൻകാരോടൊത്തുള്ള സഹവാസം നിന്നെ ആനന്ദിപ്പിക്കുകയില്ല. അന്യമായ മോഹങ്ങളെ അവിടന്ന് ക്ഷയിപ്പിച്ചുകൊള്ളും.

സൗഭാഗ്യങ്ങൾ നിറഞ്ഞ ഫറവോൻെറ ഗൃഹം നിന്നെ വഴിതെററിക്കുകയില്ല. ലോകത്തിലുള്ള വികലമായ ആമോദങ്ങൾ യഥാർത്ഥമല്ല.

ദൈവത്തോടൊത്തു് അഗ്നിയും വാളുമാണ് നിനക്ക് നേരിടേണ്ടതെങ്കിൽ സാത്താനോടൊന്നിച്ചു് ആനന്ദവും പലതരം സമ്മാനങ്ങളും ഒരിക്കലും ഉണ്ടാവുകയില്ല.

ഞാൻ പാപം ചെയ്യുന്നതിനു മുമ്പുധരിച്ചിരുന്ന ഈ സൗഭാഗ്യങ്ങൾ ആരെനിക്കു് തരുമെന്ന് വേദനയോടെ രോഗിണിയായ ആത്മാവ് പറയുന്നു.

കരുത്തുള്ളവനായ ദൈവം എന്നെ സ്വീകരിക്കുന്നുയെങ്കിൽ നഷ്ടപ്പെട്ടുപോയ സൗഭാഗ്യങ്ങൾ എനിക്ക് തിരിച്ചുതരാതിരിപ്പാൻ ആർക്കു് കഴിയും.

www.malankaralibrary.com

പകൽപോലെ ശോഭിച്ചിരുന്ന എൻെറ നല്ല സ്വഭാവം അന്ധകാരമയമായി കെട്ടുപോയിരിക്കുന്നു. അതിനെ വെണ്മയുള്ളതാക്കി തീർക്കുവാൻ ആര് പ്രകാശിപ്പിക്കും ?

അവൻെറ കരുണയാൽ എൻെറ കടങ്ങളിൽ നിന്ന് ഞാൻ വിമോചിതനാകുന്നുവെങ്കിൽ അധഃപ്പതിച്ചുപോയ എൻെറ പദവിയിൽ തന്നെ ആര് എന്നെ നിറുത്തും ?

ഞാൻ ചെയ്തുപോയ പാപം മാത്രം ക്ഷമിക്കുന്നവനാണ് താനെങ്കിൽ കൂടുതലായി തൻെറ ശ്രേഷ്ഠത യിൽ നിന്ന് ഞാനെന്തു പ്രത്യാശിക്കും ?

ഞാൻ പാപം ചെയ്യുന്നതിന് മുൻപ് വരെ എൻെറ സൃഷ്ടിക്ക് അവൻെറ നന്മകളുണ്ടായിരുന്നു. എന്നാൽ അവനെ എനിക്ക് നഷ്ടപ്പെട്ടതിനു ശേഷം എങ്ങനെ എനിക്കു് അവനെ കാണാൻ സാധിക്കും ?

ഭംഗി നശിച്ച രാജകീയ പ്രതിരൂപമായ നിൻെറ ആത്മാവിനെ കൊണ്ടുവരിക. എന്തെന്നാൽ നിൻെറ ഉടയോൻെറ കൈകളിൽ നിൻെറ സൗഭാഗ്യങ്ങൾ നിനക്കായി സൂക്ഷിച്ചു വച്ചിരിക്കുന്നു.

നീ തിരിച്ചു വരുമ്പോൾ എന്താണോ നിന്നിൽ നിന്ന് എടുത്തു കളഞ്ഞതു് അതുപോലെ തന്നെ അവ നിനക്കു് പ്രദാനം ചെയ്യും.

നീ തിരിച്ചു വരുമ്പോൾ അതിനെ പ്രശോഭിപ്പിച്ച് നിനക്കായി സൂക്ഷിക്കപ്പെട്ടിരിക്കുന്നു. സൗഖ്യം

www.malankaralibrary.com

നൽകുമ്പോൾ ശരീരത്തിലെ മുറിവിൻെറ പാട് അവ ശേഷിപ്പിക്കുന്ന വൈദ്യനെപ്പോലെയല്ല, മുറിവിനെ വച്ചുകെട്ടുന്ന നിൻെറ വൈദ്യനും ഉടയവനുമായ കർത്താവ്.

വച്ചുകെട്ടൽ, മുറിവ് ഉണക്കാനുള്ള മരുന്നുകൾ, മുറിവു കൂട്ടൽ, ഇവയാൽ ശരീരം ഇളകുമ്പോൾ വ്രണങ്ങൾ ഉണ്ടാകാതിരിക്കത്തവണ്ണമാണ് അവിടുന്ന് പ്രവത്തിക്കുന്നത്.

മുറിവു കുറച്ചോ അല്ലെങ്കിൽ അധികമോ, ആയി അവശേഷിക്കുന്നു. എന്തെന്നാൽ വൈദ്യനെ സംബന്ധിച്ച് ശരീരം പൂർവ്വ സ്ഥിതിയിലാക്കാൻ കഴിയുകയില്ല.

രോഗിണിയായ ആത്മാവേ, നിൻെറ മുറിവിനെ ദൈവത്തെ കാണിക്കുകയാണെങ്കിൽ അവിടുന്ന് അതിനെ വച്ചുകെട്ടും നിൻെറ ശരീരത്തിൽ അതു നിലനിൽക്കുവാൻ താൻ അനുവദിക്കുകയില്ല. മാംസം മുറിച്ചെടുത്ത പാടുണ്ടാകത്തക്കവണ്ണം അവയവങ്ങളിൽ നിന്ന് മാംസം മുറിച്ചെടുക്കുന്ന വൈദ്യനെപ്പോലെയല്ല താൻ (ദൈവം).

വൈദ്യൻ ഒരുവൻെറ ശരീരത്തിൽ ഒടിവുകളെ അവശേഷിപ്പിക്കുന്നു. ഇതോടെ സുഖപ്പെടുത്തലിനൊപ്പം മുറിവും നിലനിൽക്കുന്നു.

ആഴത്തിലുള്ള വ്രണം അർബ്ബുദ വ്യാധിക്ക് കാരണമാകുന്നു. ശരീരം ഭംഗിയുള്ളതാക്കി നിർത്തുന്നതിന് അതു പര്യാപ്തമാകുന്നില്ല.

www.malankaralibrary.com

അവനാകട്ടെ, മുറിവ് ഉണക്കാനുള്ള മരുന്നിനെ ചൂടുള്ളതോ, തണുപ്പുള്ളതോ ആക്കുന്നില്ല. മുറിവുകളെ വച്ചുകെട്ടത്തക്കവണ്ണം അവയെ കൂട്ടിയോജിപ്പിച്ച്, മുറിവുകൾക്കു പററിയ മരുന്ന് ഉണ്ടാക്കുന്നു.

അവൻെറ ശരീരത്തെ സസ്നേഹം, പിടിച്ചെടുത്ത്, അവൻെറ ക്ളേശങ്ങളിന്മേൽ, അവനല്ലാതെ, മററാരും ചെയ്തിട്ടില്ലാത്ത രീതിയിലുള്ള പുതിയ ശുശ്രൂഷകൾ, ചെയ്യുന്നു.

മുറിവേററവരുടെ മുറിവിനെ ശ്രദ്ധയോടെ വച്ചുകെട്ടുന്ന നമ്മുടെ കത്താവല്ലാതെ, ശരീരത്തിൻെറ മുറിവുകൾക്ക് മരുന്നു വച്ചുകെട്ടുന്ന മറ്റൊരു വൈദ്യനെ നിങ്ങൾ എവിടെയാണ് കണ്ടിട്ടുള്ളത് ?

എല്ലാ വൈദ്യന്മാരും ശരീരങ്ങളിൽനിന്ന് രക്തമെടുക്കുന്നു എങ്കിൽ, ഈ ഉന്നതനായ വൈദ്യൻ തൻെറ തന്നെ രക്തം മുറിവുകൾക്കായി കൊടുക്കുന്നു.

തൻെറ വിലാവു തുറന്ന്, തൻെറ രക്തം ചിന്തിയ, മിശിഹാതമ്പുരാനല്ലാതെ മറേറതു വൈദ്യനാണ് തൻെറ തന്നെ രക്തം മുറിവുകളിൽ ചിന്തിയൊഴുക്കിയിട്ടുള്ളത് ?

മററുള്ള വൈദ്യന്മാർ രക്തമൊഴുക്കുന്നു. തനിക്കാകട്ടെ തൻെറ രക്തമെടുത്ത് സൃഷ്ടിയേയും സുഖപ്പെടുത്തുന്നതിനായി നൽകുന്നതിനു് എളുപ്പമാണ്.

തൻെറ ശരീരത്തെ വ്രണപ്പെടുത്തി, ഉന്നതമായ രക്തം മുറിവുകൾക്കായി ഒഴുക്കിയതിനാൽ, ഒരിക്കലും ആത്മാവിൻെറ വ്രണപ്പാട് അറിയപ്പെടാതാക്കി.

www.malankaralibrary.com

ദൈവത്തിൽനിന്നുള്ള പാപമോചനത്താൽ പുതിയ സൃഷ്ടി നിലവിൽ വരുന്നു. അങ്ങനെ അതിൻെറ ഭംഗി അവൻെറ മുഖപ്രകാശത്താൽ നേടുന്നു.

മുറിവു സുഖപ്പെടുമ്പോഠം, അതിൻെറ പാടു് അവശേഷിക്കത്തക്കവിധം, അവൻ മുറിവു വച്ചുകെട്ടുമ്പോഠം ഉദാസീനത കാണിക്കുന്നില്ല, മുറിവു് ഉണങ്ങുമ്പോഠം അതിൻെറ സ്ഥാനം അറിയപ്പെടുകയും ഇല്ല.

അരുളിച്ചെയ്യപ്പെട്ടതുപോലെ കർത്താവു് എത്ര നല്ലവനാണെന്നു് നാം പറയത്തക്കവണ്ണം പ്രകൃത്യാ ഉണ്ടായിരുന്ന സൗഭാഗ്യത്തിലേയ്ക്കു നാം തിരിച്ചു വരുന്നു.

അനുതാപത്താൽ വിമോചനം കൊണ്ടു് സൃഷ്ടി സന്തോഷിക്കുന്നു. തിന്മയുടെ മുറിപ്പാടു് വെറുക്കപ്പെടുന്നതായിരിക്കാൻ അവിടുന്നു് അനുവദിക്കുന്നില്ല (ഉദാസീനത കാട്ടുന്നില്ല).

ദൈവം വൈദ്യനെപ്പോലെയല്ല, വ്രണത്തെ കുത്തിക്കെട്ടുന്നതു്. പിന്നെയോ, താൻ പുതുതായവയെ സൃഷ്ടിക്കുന്നു. അതു തനിക്കു വളരെ എളുപ്പമാണു്.

അങ്ങു് സൃഷ്ടിക്കുമ്പോഠം പ്രകൃതിക്കു മേന്മ നൽകുന്നു. അനുതാപം മൂലം താൻ ക്ഷമയരുളുമ്പോഠം, ഭംഗി താനേ കൈവരുന്നു.

അവനിൽ, (മനുഷ്യനിൽ) അറിയപ്പെട്ടിരുന്ന വ്രണത്തിൻെറ കാര്യത്തിൽ അവിടുന്നു് ഉദാസീനത കാണിക്കാത്തതിനാൽ മുറിവു് പററിയവനു് അവൻെറ മുറിവു് നിന്ദാകരമാകുവാൻ അവിടുന്നു് അനുവദിക്കുന്നില്ല.

www.malankaralibrary.com

അവിടുന്ന് മുറിവ് വച്ചുകെട്ടുമ്പോഴും ഉദാസീനത കാണിച്ചിരുന്നെങ്കിൽ സുഖപ്പെടുത്തിയ മുറിവിൽ അപഹാസ്യമായി വ്രണം നിലനിൽക്കുമായിരുന്നു.

താൻ മുറിവ് സുഖമാക്കുകയോ, അല്ലെങ്കിൽ മാലിന്യം നീക്കുന്നതിൽ ഉദാസീനത കാണിക്കാതിരിക്കുകയോ ചെയ്യുന്നു. പിന്നെ മനുഷ്യന് തിന്മ പ്രവർത്തിക്കുന്നതിനോ, പ്രവർത്തിക്കാതെ ഇരിക്കുന്നതിനോ സാധിക്കുന്നു, എന്ന് എഴുതപ്പെട്ടിരിക്കുന്നു.

താൻ അളക്കപ്പെടുവാൻ വയ്യാത്ത, കരുണ നിറഞ്ഞവനാകുന്നു എന്നതിനാൽ അവൻ സ്തുതിക്ക് യോഗ്യനും, വിരുദ്ധതകളെയും സംവാദങ്ങളേയും നീക്കിക്കളയുന്നവനുമാകുന്നു.

ശിഷ്യൻമാരുടെ തലവനായ ശെമയോൻെറ ഹൃദയത്തിൽ തിൻമ കടന്നുകൂടുകയും തള്ളിപ്പറയലാൽ അത് അവനെ വീഴിച്ചു തകർക്കുകയും ചെയ്തുവെന്നത് അവൻെറ ആത്മാവിൽ വേദനയുളവാക്കി.

അവൻ അനുതാപത്തിൽ അഭയം പ്രാപിച്ച് കണ്ണുനീർതൂകിയപ്പോഴും മിശിഹാ അവനെ സൗഖ്യമാക്കി, ആദ്യമുണ്ടായിരുന്ന സൗഭാഗ്യം അവനു പ്രദാനം ചെയ്തു.

അവൻ പാപം ചെയ്യുന്നതിനുമുമ്പ് അവനെ ശിഷ്യന്മാരുടെ തലവനാക്കിയിരുന്നു. എന്നാൽ തള്ളിപ്പറഞ്ഞതിനുശേഷവും അനുതാപത്താൽ പൂർവ്വസ്ഥാനം അവനുനൽകി.

www.malankaralibrary.com

അഞ്ചാമത്തേതോ, രണ്ടാമത്തേതോ ആക്കി അവനെ താഴ്ത്തുകയല്ല ചെയ്തത്. പിന്നെയോ, അവിടുന്ന് അവന്റെ ആദ്യസ്ഥാനത്തേയ്ക്കു അവനെ ഉയർത്തി നിയമിക്കുകയത്രേ ചെയ്തത്.

തള്ളിപ്പറയുന്നതിനുമുമ്പ് അവനെ ഭവനവിചാരകനാക്കിയിരുന്നു. എന്നാൽ അവൻ തള്ളിപ്പറഞ്ഞ് പുറത്തുപോയി അവൻ അനുതപിച്ചപ്പോൾ അവനെ ഉയർത്തി, കുഞ്ഞാടുകളെ മേയ്ക്കുവാനുള്ള അധികാരം കൂടി നൽകി.

തള്ളിപ്പറഞ്ഞപ്പോൾ നഷ്ടപ്പെടുത്തിയ താക്കോലുകൾ, അവന് തിരികെകൊടുത്തു. കൂടുതലായി മുട്ടാടുകളേയും പെണ്ണാടുകളേയും കുഞ്ഞാടുകളേയും നൽകി.

അനുതാപത്താൽ അവന്റെ സമ്പത്ത് വർദ്ധിപ്പിക്കപ്പെട്ടതുപോലെ തന്നെ അവൻ കണ്ടെത്തേണ്ടിയിരുന്ന ആടുകളിന്മേൽ അവന് കൂടുതൽ അധികാരവും കൊടുത്തു.

ദൈവപുത്രൻ തന്റെ ആടുകളെ സ്നേഹിക്കുകയും അവയ്ക്കുവേണ്ടി മരിക്കുകയും ചെയ്തു. അവയെ ശെമയോന് നൽകുകയും അവൻ അവയെ മോചിക്കുമെന്ന് പ്രത്യാശിക്കുകയും ചെയ്തു.

ഈ മനുഷ്യൻ അനുതാപത്തിന്റെ ശിഷ്യനാണ്. പുറത്തുപോയ അവനെ ഇതാണ് (അനുതാപം) അവിടുത്തെ സന്നിധിയിലേയ്ക്ക് അടുപ്പിച്ചത്.

അവൻ തന്റെ ഉടയോനെ തള്ളിപ്പറഞ്ഞു, അവനെ ഞാൻ അറിയുകയില്ലെന്ന് പറഞ്ഞു. ആണയിട്ട്

www.malankaralibrary.com

ശപിച്ച് ദേഷ്യപ്പെട്ട് ആ ഭവനത്തിൽനിന്ന് പുറത്തേക്ക് പോയി.

അവൻ അകലുകയായിരുന്നപ്പോൾ അനുതാപം അവനെ പിൻചെന്നു. അത് അവനെച്ചുററി കർത്താവിൻെറ മുമ്പാകെ മുട്ടുകുത്താൻ ഇടയാക്കി.

വഴിപാട് അർപ്പിക്കുന്നതിന് പകരമായി കണ്ണുനീർ വീഴ്ത്തുവാൻ അത് (അനുതാപം) അവനെ പഠിപ്പിച്ചു.

അനുതാപത്താൽ ജ്ഞാനിയാകുന്നവനെപ്പോലെ അവൻ അത് സ്വീകരിച്ചു.

അവൻ വന്നയുടനെ മിശിഹാ അവനെ (കീപ്പാ) നോക്കി. അവൻ സൗഭാഗ്യവാനായി. തള്ളിപ്പറഞ്ഞിട്ടില്ലാത്തവനെപ്പോലെ അവൻ തികവുള്ളവനായി താൻ (യേശു) അവനെ തന്നോടുകൂടി ചേർത്തു.

ഇവയക്കെല്ലാം ശേഷം ആടുകൾക്കുവേണ്ടി താൻ മരിച്ചു. ഒരിക്കലും പാപം ചെയ്തിട്ടില്ലാത്ത ഒരു സ്നേഹിതനെന്ന പോലെ അതിനെ (ആടുകളെ) അവന് കൊടുത്തു.

അനുതാപത്തിൻെറ ശക്തി എന്തെന്ന് അറിയുന്നതിന് താൻ (യേശു) അവനെ കണ്ണാടിയും മാതൃകയുമാക്കി.

പാപം ചെയ്യുന്നതിനു മുമ്പുള്ള സ്വാഭാവിക സൗഭാഗ്യം അനുതപിക്കുന്ന ഉടനെ അവനിൽ പ്രവേശിച്ചു. അവൻ ദൈവഭവനത്തിൽ നിൽക്കുന്നു.

www.malankaralibrary.com

രാജാവിൻെറ നഷ്ടപ്പെട്ടു പോയ ചിത്രം കണ്ടെത്തിയതിനാൽ അനുതപിക്കുന്ന പാപിയിൽ മാലാഖമാർ സന്തോഷിക്കുന്നു.

ആകയാൽ ആത്മാവേ നീ പ്രത്യാശയുള്ളവനായിരിക്കുക. നിനക്ക് നന്മയുണ്ടാകും. നിൻെറ സൗഭാഗ്യം നിങ്കലേയ്ക്ക് തിരിച്ചുവരും. നീ ദൈവസന്നിധിയിലേയ്ക്ക് വരിക.

ശെമയോന് ശ്ലൈഹീകതലവൻ (എന്ന സ്ഥാനം) തിരിച്ചു കിട്ടിയതുപോലെ സ്വാഭാവികമായ നിൻെറ സൗഭാഗ്യം മുഴുവനും നിനക്ക് തിരിച്ചു കിട്ടും.

സാറാ തൻെറ ഭർത്താവിനാൽ മലിനതയിൽ നിന്ന് ശുദ്ധീകരിക്കപ്പെട്ടതുപോലെ നിൻെറ തിന്മകളിൽനിന്ന് അബ്രഹാമിൻെറ ഉടയവൻ നിന്നെയും ശുദ്ധീകരിക്കും.

അബ്രഹാമ്യ ഭവനത്തിൻെറ ബന്ധം ഫറവോൻ ഛിന്നഭിന്നമാക്കുകയായിരുന്നു. പരിപാവനമായ ശരീരത്തിൻെറ അവയവങ്ങളെ തൻെറ ഉഗ്ര വാഞ്ഛയാൽ അവൻ (ഫറവോൻ) ചീന്തിക്കീറി.

ദുഷ്ടൻ നിന്നെയും എടുത്ത് ദൈയസന്നിധിയിൽ നിന്ന് അകററുന്നു. അവൻെറ വല്ലഭത്വത്തോട് ചേരുന്നതിൽനിന്ന് നിന്നെയും അവൻ അകററി ദുഃഖിപ്പിക്കുന്നു.

സാറാ അവൻെറ സവിധത്തിൽ ശരീരത്തിന്ന ഭംഗം കൂടാതെ തിരിച്ചുവന്നു. അവളുടെ ശരീരത്തെക്കുറിച്ചു സംശയാലുവായ മെസ്രേംകാരന് അവിടുന്ന മനസ്സിലാക്കിക്കൊടുത്തു.

www.malankaralibrary.com

ഇതുപോലെ നീയും അവിടുത്തെ സന്നിധാനത്തിലേയ്ക്ക് തിരിച്ചു വരുന്നു എങ്കിൽ അവിടുന്ന് പ്രത്യാശ നൽകി തൻെറ വല്ലഭത്വത്തോട് നിന്നെയും ചേർക്കും.

നിനക്കും ദൈവത്തിനുമിടയ്ക്ക് ദുഷ്ടൻ വിടവുണ്ടാക്കിയെങ്കിലും അങ്ങനെയൊന്ന് ഉണ്ടായതായി തോന്നാത്തതുപോലെ ഉണ്ടായിട്ടില്ലാത്തതും ഉണ്ടായതായി താൻ ആക്കിത്തീർക്കും.

അബ്രഹാമിൻെറ ഭവനത്തിൽ സാറാ വ്യഭിചാരിയെന്ന് കണക്കാക്കപ്പെടുന്നില്ല. പോയവരം പോയിട്ടില്ലാത്തവളെപ്പോലെ സ്വതന്ത്രയായി തിരിച്ചു വന്നു.

അവരം തിരിച്ചു വന്ന ഉടനെ പോയതായിപ്പോലും പരിഗണിക്കപ്പെട്ടിട്ടില്ല. നീതിമാനായ ഭർത്താവുമായുള്ള ബന്ധത്താൽ അവളേയും വെടിപ്പുള്ളവളാക്കി.

ശെമയോനും തള്ളിപ്പറഞ്ഞിട്ട് തിരിച്ചുവന്നു. കണ്ണീർ തൂകിയ ഉടനെ തള്ളിപ്പറയാത്തതുപോലെ സ്വീകരിക്കപ്പെട്ടു.

നീയും ദൈവസന്നിധിയിലേയ്ക്കു് തിരിച്ചു വരികയാണെങ്കിൽ പാപം ചെയ്യാത്തവനെപ്പോലെ നിന്നെയും അവൻ തികവുള്ളവനാക്കും.

അനീതിക്കാരുടെയിടയിൽ സാറാ വെടിപ്പുള്ളവളാക്കപ്പെട്ടതിനു ശേഷം ദൈവത്തിൽ നിന്നകന്നു പോകാത്ത

www.malankaralibrary.com

പരിപാകതയോടു കൂടിയ അവളോടൊന്നിച്ച് അവൻ ഉണ്ടായിരുന്നു.

നീതിമാനായ തന്റെ ഭർത്താവായ അബ്രഹാമിൽ നിന്ന് അവൾ വേർതിരിക്കപ്പെട്ടപ്പോൾ (മററുള്ളവർ ആരോപിച്ച) അവിശ്വസ്തയുടെ ഏററിയ നിന്ദയിൽ, അവനെ ഓർത്ത് അവൾ നിവസിക്കുകയായിരുന്നു.

ഫറവോന്റെ ചെയ്തികൾ മെസ്രേമ്യ ആചാരങ്ങളെ ഞെരുക്കുകയായിരുന്നു. ഈ മെസ്രേൻകാരൻ തനിക്കു തോന്നിയപോലെ മെസ്രേൻകാരെ ഭരിക്കുകയായിരുന്നു.

മെസ്രേൻകാരികളെപ്പോലെ അവനോടുകൂടെ അവൾ അവന്റെ കട്ടിലിൽ കയറിയതിനാൽ ദൈവത്തിൽ നിന്നും അബ്രഹാമിൽനിന്നും അവൾ നഷ്ടപ്പെടുന്നതിന് ഇതുകാരണമായി.

അവൾ അബ്രഹാമിലേയ്ക്കു തിരിയുകയും അവന് നഷ്ടമായതെല്ലാം, അതായത് മെസ്രേംഭവനത്തിലുണ്ടായ ഇവയെല്ലാം, സംഭവിച്ചില്ല എന്നപോലെ എല്ലാം അവിടുന്ന് നേരെയാക്കുകയും ചെയ്തു.

നീതിമാൻ യാതൊരു എതിർപ്പുംകൂടാതെ അവളോടൊത്തുള്ള വാസത്തെ സ്വാഗതം ചെയ്യുകയും അവളുടെ ആഗമനത്തിൽ ആഹ്ളാദിക്കുകയും അവളുടെ ചെയ്തികളെ അവൻ മായിച്ചുകളയുകയും (ഇല്ലാതാക്കുകയും) ചെയ്തു.

ഫറവോന്റെ ഗൃഹത്തിൽനിന്ന് തിരിച്ചുവന്ന ശേഷം ദൈവം നീതിമാനായ അബ്രഹാമിൽനിന്ന് അവൾക്ക് ഇസ്ഹാക്കിനെ നൽകി.

www.malankaralibrary.com

അവരാംക്കു നൽകിയ അവകാശിയിം വാഗ്ദത്ത പുത്രനും മുഖാന്തിരം അശുദ്ധതയിൽനിന്ന് സാറാ വെടിപ്പായിയെന്ന് കർത്താവ് കാണിച്ചു.

സാറാ പോവുകയും അബ്രഹാമിൻെറ സവിധത്തിലേയ്ക്ക് തിരിച്ചുവരികയും ചെയ്തിനാൽ അവരം യഥാർത്ഥ ആത്മാവിൻെറ സാദൃശ്യവും രൂപവുമാണെന്നു വെളിവായി,

തിന്മകളിൽ നിന്ന് തിരിച്ചുവരുന്ന ആത്മാവിനെ ദൈവത്തിലേയ്ക്കു തിരിച്ചുവരുന്ന ഉടനെ താൻ സ്വീകരിക്കുന്നു, എന്ന ഉപമയുണ്ടാകുവാൻ ഇത് കാരണമായി.

അവിടുന്ന് ആത്മാവിന് പാപപരിഹാരം നൽകുകയും വെടിപ്പാക്കുകയും ശുദ്ധീകരിക്കുകയും ചെയ്യുന്നു അവരം നേടിയ മുഴുവൻ സൗഭാഗ്യങ്ങളും ധരിച്ചുകൊണ്ടു അവരം നിൽക്കുന്നു.

ഉടമ്പടികളും വാഗ്ദാനങ്ങളും ദൈവത്തിനുള്ളതാകുന്നു. അനുതാപത്തിന് പൂർണ്ണത താൻ ഓരോരുത്തർക്കും നൽകുന്നു.

സാറാ തിൻമയിൽ നിന്ന് തിരിച്ചു വരുന്നതിനെ താൻ തടയാതിരുന്നതുപോലെ തൻെറ നൽവരങ്ങളെ അവളിൽ നിന്നും ലേശംപോലും താൻ വിലക്കിയില്ല.

ക്രൂശാരോഹണത്തിൽ തൻെറ കൈകരം നീട്ടപ്പെട്ട ആ ദിവസം മുതൽ തന്നോടുകൂടി തൻെറ പിതാവിൻെറ നാട്ടിലേയ്ക്ക് പോകുന്നതിന് അവൻ നിന്നേയും നോക്കുന്നു.

www.malankaralibrary.com

നിങ്ങളെ കീഴ്പ്പെടുത്തിയിരിക്കുന്ന തിന്മപ്പെട്ട ഫറവോനിൽനിന്ന് നിങ്ങൾ പുറപ്പെട്ട പോരുകയെന്ന് സ്ലീബായിലെ കഷ്ടതകൾക്കിടയിൽ ഉന്നത ശബ്ദത്തിൽ താൻ വിളിച്ചുപറയുന്നു.

നിന്നെപ്രതി ഭാരം വഹിക്കുന്നു എന്നു പറയുന്ന ആത്മാവ് ഉത്തരമായി എൻെറ കർത്താവേ അവിടുന്ന് പോകുന്നിടത്തേയ്ക്കു നിന്നോടുകൂടി ഞാനും പോരുന്നതിനായി നീ കല്പിക്കേണമേ എന്നുപറയുന്നു.

ഫറവോനിലും അവൻെറ ആഡംബരങ്ങളിലും ഭക്ഷണ മേശയിലും അവൻെറ മലിനകരമായ മേൽത്തരം ഭക്ഷണങ്ങളിലും അവിടുത്തേക്ക് വെറുപ്പ് തോന്നി.

ലോകത്തെക്കുറിച്ച് വെറുപ്പുണ്ടായി അതിൻെറ ഐശ്വര്യവും മോഹങ്ങളും അവന് (അനുതാപിക്ക്) നിസ്സാരമായി തോന്നും. അതിൻെറ സമ്പത്തും പേരും പെരുമയും അവന് നിസ്സാരമാകുന്നു. നീയുമായുള്ള സഹവാസത്തിൽ നിന്ന് മണ്മയർ അകന്ന് നില്ക്കുന്നുവെങ്കിൽ നിൻെറ സ്ലീബായാലുള്ള രക്ഷയാൽ അവർ ധന്യരായി തീരുന്നില്ല.

ഞാൻ ഉണ്ടാക്കിയ സമ്പത്തിൽ അവിടുന്ന് തൽപ്പരനല്ലാതിരുന്നതിനാൽ ഞാൻ വീണുപോയ പ്രയാസത്തിലേയ്ക്കു് അങ്ങ് പ്രവേശിക്കണമെ. നിന്നോടുകൂടെ ഞാനും ആയിരിക്കേണ്ടതിന് ഫറവോൻ ഗൃഹത്തിൽ നിന്ന് നീ എന്നെ പുറത്തു കൊണ്ടുവരേണമെ.

ബലഹീനനായ ഞാൻ നിൻെറ അടുക്കലേയ്ക്ക് വരുന്നതിൽ നീ തുറിച്ചുനോക്കരുതെ. നീ എൻെറ അടുക്കൽ വന്ന് എന്നെ വീണ്ടുകൊള്ളേണമെ.

www.malankaralibrary.com

ലോകം അതിന്റെ മോദങ്ങളാൽ നശിപ്പിച്ച ആത്മാവേ നീ തിരിഞ്ഞു താൽപര്യത്തോടുകൂടി "എന്റെ ഉടയവനായ കർത്താവെ" എന്നു പറയുക.

മെസ്രേൻകാരൻ എന്നെ അടിമയാക്കി, എന്റെ സ്വാതന്ത്ര്യം നശിപ്പിച്ച് എന്റെ വെണ്മ ഇല്ലാതാക്കിയിരിക്കുന്നു. തിന്മയുടെ അശുദ്ധിയിൽ അനീതിക്കാരോടു കൂടി ഞാൻ ഇരുന്നു.

കുററകരമായതൊന്നും ഞാൻ ഇഷ്ടപ്പെടുകയോ ഓർക്കുകയോ ചെയ്തില്ലെങ്കിലും നിർവ്വിശങ്കം അവൻ ഒരുമ്പെട്ട് എന്റെ സ്വാതന്ത്ര്യത്തിൽ നിന്നും എന്നെ തടഞ്ഞു.

ഞാൻ അധിവസിക്കുന്ന തിന്മയിൽ നിന്നെന്നെ പുറത്തുകൊണ്ടുവരേണമേ. നിന്റെ സമ്പത്തിൻമേൽ ആധിപത്യം പുലർത്തുന്നവനെ അവിടുന്ന് ബന്ധിക്കേണമേ.

തിന്മയുടെ ഭവനത്തിൽ ഞാൻ എല്ലാം കണ്ടിട്ടും എന്നെതന്നെ ഞാൻ കുററപ്പെടുത്തുന്നു. അവനാൽ അവരം (ലോകം) നയിക്കപ്പെടുമ്പോരം അവളെ അവൻ പരിഹസിക്കുന്നു.

അവിടുത്തോടുകൂടെ എന്നെ കൂട്ടിച്ചേർത്ത്, അങ്ങിൽ ശുദ്ധീകരിച്ച്, അങ്ങയുടേതാക്കിത്തീർക്കണമെ. അവനെ നാശത്തിലേയ്ക്കു എറിഞ്ഞുകളഞ്ഞ് അവന്റെ അപ്പം അഗ്നിക്കിരയാക്കിത്തീർക്കേണമെ.

അവന്റെ കിടക്കയിലെ തിന്മയുടെ നിദ്രയിൽ നിന്ന് എന്നിൽ സ്വച്ഛതയുടെ മുദ്രകുത്തണമേ,

www.malankaralibrary.com

അവിടുന്നെന്നെ ഉണർവ്വുള്ളവനാക്കി, എന്നെ നയിച്ച് അവിടുത്തോടുകൂടെയാക്കിത്തീർക്കണമേ.

പാപം എന്നെ സ്തംഭിപ്പിച്ചതിനാൽ നിന്റെ സന്നിധിയിലേയ്ക്ക് എനിക്ക് വരാൻ സാധിക്കുന്നില്ല. അവിടുത്തെ കണ്ടെത്തലിൽനിന്ന് ഞാൻ നശിച്ചു പോകാതിരിക്കാൻ അങ്ങുവന്നു എന്നെ അങ്ങയുടേതാക്കണമെ.

അവിടുന്ന് എന്നിൽ പ്രസാദം ഉള്ളവനായിരിക്കണമെ. എനിക്കു മനസ്സായി അങ്ങയുടെ ഇഷ്ടത്തോട്ട കൂടി എന്റെ ഇഷ്ടം കലർത്തേണമെ. അവന്റെ ക്രൂര വാഞ്ഛയുടെ താത്പര്യത്തിൽ അവൻ എന്നിൽ ആഹ്ളാദിക്കാൻ ഇടവരുത്തരുതേ.

ഞാൻ പാപം ചെയ്തതിനാൽ കുററമുള്ളവനായി. ഞാൻ അപഥമായി സഞ്ചരിച്ചതിനാൽ ഞാൻ ലജ്ജിതനായി. ഞാൻ തിന്മ ഇഷ്ടപ്പെട്ടതിനാൽ മരിച്ചു. ഞാൻ നിന്നാൽ ജ്ഞാനമുള്ളവനായി നിന്നിൽ ലജ്ജിതമായ എന്റെ മുഖം പരിവർത്തനം ചെയ്യപ്പെടുമാറാകണമെ.

എന്റെ രക്ഷകനായ രാജാവേ ജീവന്റെ ഗന്ധം നിന്നിൽ നിന്നു വീശുന്നു. ഞാൻ ഉറപ്പെട്ടിരിക്കുന്ന ജീർണ്ണതയിൽ നിന്ന് അങ്ങു വന്നു എന്നെ പുറത്തു കൊണ്ടു വരേണമെ.

മെസ്രേൻകാരനിൽ നിന്ന് മരണത്തിന്റെ ഗന്ധം എന്റെ മുഖത്തേയ്ക്കു അടിക്കുമ്പോൾ നിന്റെ നാമം എനിക്ക് സുഗന്ധിയായ എണ്ണയായി തീർന്ന് അതിൽ ഞാൻ ആനന്ദിക്കുമാറാകണമെ.

www.malankaralibrary.com

ദുഷ്ടൻ അവന്റെ നിഗളത്താൽ എന്റെ നല്ല വഴികളെ ദുർഘടമാക്കി. അനീതിയുടെ വഴിയിലൂടെ സഞ്ചരിക്കുന്ന എന്നെ അവിടുത്തെ സന്നിധാനത്തിലേയ്ക്ക് കൊണ്ടു വരേണമേ.

സാറാ അബ്രഹാമിലേക്കു് തിരിഞ്ഞതുപോലെ എന്റെ കർത്താവേ അങ്ങിലേയ്ക്ക് എന്നെ തിരിപ്പിക്കണമെ, അങ്ങിൽ ശുദ്ധീകരിക്കപ്പെട്ട്, എല്ലായിടത്തും എന്നെ അങ്ങയുടേതായി തീർക്കണമേ.

എന്റെ കർത്താവേ അങ്ങയുടെ കരുണയാൽ അവിടുന്നെന്നെ എത്രമാത്രം സ്നേഹിച്ചു. അവിടുത്തെ കരുണയാൽ എന്നെ അങ്ങ് പുത്രനാക്കി. അങ്ങയുടെ കരുണയാൽ എന്നെ വഴി നടത്തി. അങ്ങയുടെ കരുണയാൽ ഞാൻ അങ്ങയെ നേടുവാൻ ഇടയാക്കിയതിനാൽ അങ്ങേയ്ക്കു സ്തുതി.

ആ കരുണയാൽ ആദിയിലെ അവിടുന്ന് എന്നെ വിളിച്ചു. ആ കരുണയാൽ തന്നെ എന്റെ പാപങ്ങളെ പരിഹരിച്ച് എന്റെ മേൽ കരുണ ചെയ്യണമെ.

ഭാഗ്യവാനായ യാക്കോബ് മല്പാന്റെ അനുതാപത്തെക്കുറിച്ചുള്ള പ്രസംഗം അവസാനിച്ചു.

★

www.malankaralibrary.com

# രണ്ടാം പ്രഭാഷണം

## "കാനാൻകാരിയുടെ വിശ്വാസം"

ലോകത്തിൽ നിന്ന് അന്ധകാരത്തെ നിവാരണം ചെയ്യുന്നതിന് നമ്മുടെ കർത്താവിന്റെ ദിനത്തിൽ ഒരു വലിയ പ്രകാശം ഉദയംചെയ്തു.

ദുഃഖപൂരിതമായ വഴികളിൽകൂടി സഞ്ചരിച്ചിരുന്നവരെ അവന്റെ ഉദയത്താൽ ശോഭിപ്പിക്കുന്നതിന് പിതാവ് തന്റെ കിരണങ്ങൾ ഭൂവാസികളുടെ മേൽ പ്രകാശിപ്പിച്ചു

നീതി സൂര്യൻ താഴെയിറങ്ങി ഭൂമിയിൽ സഞ്ചരിച്ചു. അപ്പോൾ വർദ്ധിച്ചുകൊണ്ടിരുന്ന നിഴലുകൾ അവന്റെ രശ്മിയാൽ അകന്നുമാറി.

തന്റെ ഉദയത്താൽ ദുഃഖിത ലോകത്തിന് താൻ പ്രകാശം നൽകി. തന്റെ രശ്മികൾ സർവ്വ ദിക്കുകളിലും വിടർത്തി, അവൻ അവരെ സന്തോഷിപ്പിക്കുകയും ചെയ്തു.

സർവ്വ മനുഷ്യരിലും നിറഞ്ഞിരുന്ന തിൻമയെ അവനകററി, ജീവമാർഗ്ഗം ലോകത്തിന് കാണിച്ചുകൊടുത്തു.

www.malankaralibrary.com

രോഗികൾക്ക് അവൻ രോഗശാന്തി നൽകുകയും വർദ്ധിച്ചുകൊണ്ടിരുന്ന കഷ്ടതകളേയും പ്രയാസങ്ങളേയും നീക്കുകയും ചെയ്തു.

അവൻെറ ഔഷധം രോഗികളിൽ തളിച്ച് ഞെരുക്കം അനുഭവിച്ച ക്ഷീണിതർക്ക് അവൻ ഉത്തേജനം നൽകി.

അവൻെറ സഹായത്താൽ ലോകത്തെ ധന്യമാക്കുവാൻ തൻെറ ദാനത്തെ അവൻ ഒഴുക്കി. തൻെറ ഭണ്ഡാരത്തിലെ സമൃദ്ധിയിൽ നിന്ന് ആവശ്യമായവരെല്ലാം സ്വീകരിച്ചു ധന്യരായി.

തന്നെ ദ്രോഹിക്കുന്നവരോട് കോപിക്കാതെ സൗജന്യമായി താൻ അവർക്ക് സൗഖ്യം നല്കി. വേദനകളെ ദൂരീകരിക്കുകയും അവരുടെ യാചനകൾക്കു് ഉത്തരമരുളുകയും ചെയ്തു.

ധാരാളമായി സൗഖ്യം നല്കിയപ്പോഴും അവർ അവനെ വെറുത്തിരുന്നു. തൻെറ സഹായങ്ങൾ വർദ്ധിച്ചുകൊണ്ടിരുന്നപ്പോഴും അവർ അവനിൽ തെററു കണ്ടുപിടിക്കാൻ ശ്രമിച്ചിരുന്നു.

വിജാതീയർ അവനിലും അവൻെറ സുഖപ്പെടുത്തലിലും വിശ്വസിച്ചു. എന്നാൽ പരിച്ഛേദിതർ അവൻെറ സൗഖ്യമാക്കലിനെ സംശയിച്ചു.

വിജാതീയ പുത്രിയായ കാനാൻകാരിക്കു് തിരുവെഴുത്തുകൾ വിവേചിച്ചറിയാൻ പ്രാപ്തിയില്ലായിരുന്നെങ്കിലും അവനിൽ വിശ്വസിക്കുവാൻ അവനെക്കുറിച്ചുള്ള വാർത്ത മാത്രം മതിയായിരുന്നു.

അവൻ അന്ധന്മാർക്ക് കാഴ്ച കൊടുക്കുകയും, തളർവാതികൾക്ക് സൗഖ്യം നൽകുകയും പിശാചു

www.malankaralibrary.com

ക്കളെ ബഹിഷ്കരിക്കുകയും കൂന് ബാധിതരെ നേരെയാക്കുകയും ചെയ്തു.

ബധിരർക്ക് കേൾവിയും അന്ധർക്ക് പ്രകാശവും, കുഷ്ഠരോഗികൾക്ക് ശുദ്ധിയും, പാപികൾക്ക് മോചനവും താൻ നല്കി.

തായ് മരത്തിൽനിന്നും രോഗ ഗ്രസ്തമായ വേരുകൾ ആഴ്ന്നിറങ്ങുന്നപോലെ യഹൂദിയായിലെ മണ്ണിൽ മഴ പോലെ താൻ ഇറങ്ങിവന്നു.

മനുഷ്യ വംശത്തെ അന്ധകാരത്തിലാക്കിയ പിശാചുക്കളെ താൻ ബഹിഷ്കരിച്ച് തന്റെ വായിലെ ശ്വാസം കൊണ്ട് അനേകരിൽ നിന്ന് ഉപദ്രവങ്ങളെ നിരോധിച്ചു.

ടൈറിലും സീദോനിലും താൻ ദൈവപുത്രനാകുന്നു എന്ന വാർത്ത പരന്നു, ജെറുസലേം പ്രദേശത്ത് താൻ യൗസേഫിന്റെ പുത്രനെന്ന് പരിഹസിക്കപ്പെട്ടു.

വിജാതീയ പട്ടണത്തിലൂടെ തന്റെ ശിഷ്യരുമൊത്ത് കടന്നുപോയപ്പോൾ അവനിൽ ജനങ്ങൾക്കുള്ള വിശ്വാസം കണ്ട് കാനാൻകാരിയിൽ അത്ഭുതം ഉളവായി.

താൻ ടൈറിന്റെയും സീദോന്റെയും അതിർത്തി കടന്നപ്പോൾ ജനം തങ്ങളുടെ വിഗ്രഹാരാധന ഉപേക്ഷിക്കുവാൻ തുടങ്ങി. തന്റെ ഉദയം വിശ്വാസരാഹിത്യത്തെ തടയുകയും തന്റെ പ്രകാശം ലോകാതിർത്തികളിൽ പരക്കുകയും ചെയ്തു.

www.malankaralibrary.com

വിജാതീയരുടെ ജീവിത വ്യഥകളെ ഇല്ലാതാക്കി അവൻ അവരെ നേടിയെടുത്തു. സർവ്വ സൃഷ്ടിയേയും തന്നെക്കുറിച്ചുള്ള വിശ്വാസത്തിലേയ്ക്കു ആകർഷി ക്കുകയും ചെയ്തു.

അവൻ ക്നാനായക്കാരുടെ പ്രദേശം കടന്ന് ഫല ഭൂയിഷ്ടമായ സ്ഥലത്ത് തൻെറ വിത്ത് വിതയ്ക്കുകയും അതിൽനിന്ന് ഫലങ്ങരം പുറപ്പെടുവിക്കകയും ചെയ്തു.

നല്ല വിത്ത് ജനങ്ങരം ഉത്സാഹത്തോടെ സ്വീകരി ക്കുകയും, ക്രമേണ ധാരാളമായി നല്ല ഫലങ്ങരം പുറ പ്പെടുവിക്കുകയും ചെയ്തു.

അവളുടെ മകരം പിശാചു ബാധയാൽ പീഡിത യായിരുന്നെങ്കിലും അവനിലുള്ള വിശ്വാസം അവരം സർവ്വരോടും പ്രഖ്യാപിച്ചു.

ദുഷ്ടനായ പിശാചു അവളെ പീഡിപ്പിക്കുന്ന തിനായി അവളിൽ ആവേശിച്ചിരുന്നു. എല്ലാ ദിവസവും നല്ലവരെ നശിപ്പിക്കുവാൻ അവൻ ആഗ്രഹിച്ചിരുന്നു.

ആ മനുഷ്യ ഘാതകൻ യുവതിയെ പീഡനത്തി ലേയ്ക്കു ആനയിക്കുകയും അവൻെറ കുടില ബുദ്ധി യാൽ അവളെ കഠിനമായി ദണ്ഡിപ്പിക്കകയും ചെയ്തു.

വിനാശകൻ കന്യകയെ നശിപ്പിക്കുന്നതിനായി അവളെ സ്വായത്തമാക്കിയിരുന്നു. മനുഷ്യ വംശത്തെ വ്രണപ്പെടുത്തുന്നതിന് അവൻ വളരെ ആഗ്രഹിച്ചു.

ശക്തനായവൻ കള്ളനെപ്പോലെ വിജാതീയ പുത്രി യിൽ പ്രവേശിച്ച്, പല വിധത്തിലുള്ള പ്രതിസന്ധി കളിലൂടെ അവളെ വലിച്ചിഴച്ചു.

www.malankaralibrary.com

സർവ്വ ലോകങ്ങളും രോഗത്തിലും ആരോഗ്യത്തിലും അവളെ ഒരു മാതൃകയായി വിവരിക്കുന്നു.

സാത്താൻ അവളെ കീഴ്പ്പെടുത്തിയപോലെ ഭൂമിയേയും കൈവശപ്പെടുത്തി. മനുഷ്യരെ തിന്മയിലേക്കു നയിച്ച്, ദൈവമില്ലാത്തവരാക്കിത്തീർത്ത്, തന്നിഷ്ടം പോലെ ദുരിതത്തിലേയ്ക്ക് വലിച്ചിഴക്കുകയും, കഷ്ടതകളെ വർദ്ധിപ്പിക്കുകയും ചെയ്തു.

അവൻ അവളിൽ മാനസിക വിഭ്രാന്തി നിറച്ച് വിഗ്രഹാരാധനയിലേക്ക് അവളെ തിരിക്കുന്നതിന് ശ്രമിക്കുകയും, ഓരോ ദിവസത്തേയും പ്രവർത്തനങ്ങൾ ഫലശൂന്യമാക്കുന്നതിനുള്ള കാപട്യം അവളിൽ ചൊരിയുകയും ചെയ്തു.

വലിയ രക്ഷകൻ ഉദിക്കുന്നതുവരെ സകല വഞ്ചനയാലും ദുഷ്ട പിശാച് ഭൂമിയെ ദണ്ഡിപ്പിച്ചു. ദുർമാർഗ്ഗത്തിലേക്ക് മനുഷ്യരെ നയിച്ചിരുന്ന പിശാചിനെ രക്ഷകൻ അതിൽനിന്ന് വിടുവിച്ചു.

കൃപ നിറഞ്ഞവളായിരുന്ന മാതാവ്. തന്റെ മകളെ ബാധിച്ചിരുന്ന പിശാചിനെ ഇല്ലായ്മ ചെയ്വാൻ കരഞ്ഞപേക്ഷിച്ച അമ്മയെപ്പോലെ പരിശുദ്ധ മാതാവ് ലോകത്തിനുവേണ്ടി മാദ്ധ്യസ്ഥം യാചിക്കുന്നു.

വഞ്ചിക്കപ്പെട്ട ലോകത്തിലെ വർദ്ധിച്ചു വരുന്ന തിൻമയിൽ നിന്ന് രക്ഷ നേടിത്തരുവാൻ അവളുടെ രക്ഷകൻ മതിയായവനാണ് എന്ന് അവൾ എടുത്തു കാണിക്കുന്നു.

www.malankaralibrary.com

വേദനിക്കുന്ന മനുഷ്യ മക്കളുടെ അപേക്ഷ അവിടത്തെ ശ്രേഷ്ടതയുടെ മുമ്പാകെ പ്രവേശിക്കുകയും, അവിടത്തെ കൃപയാൽ കഷ്ടപ്പെടുന്നവരുടെ അടുക്കലേയ്ക്ക് കരുണയുടെ വൈദ്യൻ അയയ്ക്കപ്പെടുകയും ചെയ്തു.

വിഗ്രഹാരാധനയാൽ മതിഭ്രമം വന്ന ലോകത്തെ വിശ്വാസത്തിൽ ഉറപ്പിക്കുന്നതിനു വേണ്ടി ശക്തനായവൻ വന്ന് ബലവാനെ തന്റെ ശക്തിയാൽ ബന്ധിച്ചു.

നല്ല വൈദ്യൻ ലോകത്തിലൂടെ നടന്ന് അതിനെ സന്ദർശിച്ച് എല്ലാ വേദനകളും ഏറ്റെടുത്ത് സൗഖ്യം നല്കി.

താൻ വിജാതീയ പ്രദേശങ്ങളിലൂടെ സഞ്ചരിച്ചുകൊണ്ടിരുന്നപ്പോൾ തന്റെ അടുത്തേക്ക് വരുവാൻ കാനാൻകാരി സ്ത്രീയെ പ്രചോദിപ്പിച്ചു.

പിശാചു തന്റെ പുത്രിയെ പീഡിപ്പിക്കുന്നതായി അവൾ കണ്ടു. തന്നോടു് അപേക്ഷിക്കുന്നതിനായി അവൾ കരഞ്ഞുകൊണ്ട് യേശുവിന്റെ പിന്നാലെ ഓടി.

ലോകത്തിന്റെ ന്യായാധിപൻ കടന്നുപോകുന്നതായി അവൾ കേട്ടപ്പോൾ തന്നെ ആക്രമിക്കുന്ന സാത്താനെക്കുറിച്ച് അവൾ അവനോടു് പരാതിപ്പെടുവാൻ ആഗ്രഹിച്ചു.

നീതിയും ന്യായവും പ്രവർത്തിക്കുന്നവൻ ആ ദേശത്തുകൂടി കടന്നു പോയി. തന്റെ പുത്രിയെ

www.malankaralibrary.com

ആക്രമിച്ചുകൊണ്ടിരുന്ന ആ സംഹാര ശക്തനെക്കുറിച്ച് അവനോട് പരാതിപ്പെടാൻ അവരം പുറപ്പെട്ടു.

ബലവാനായ പരാക്രമി തീഷ്ണതയോടു കൂടി അതൃത്തി പ്രദേശത്തേയ്ക്ക് വന്നു. കൊള്ളക്കാരനായവൻ വന്ന് തൻെറ മകളെ അടിമയാക്കിയിരിക്കുന്നു എന്ന് അവൻെറ മുമ്പാകെ അവരം ഉച്ചത്തിൽ പറഞ്ഞുകൊണ്ടിരുന്നു.

പിശാചുക്കളെ വേട്ടയാടി ഓടിച്ചു പുറത്താക്കി ഭൂമിയിൽ സഞ്ചരിക്കുകയായിരുന്നവനോട് തൻെറ മകളുടെ പിശാചുബാധയെ ഒഴിവാക്കണമെന്ന് അവർ അപേക്ഷിച്ചുകൊണ്ടിരുന്നു.

നല്ല ഇടയൻ നഷ്ടപ്പെട്ടുപോയവരെ തേടി ഇറങ്ങിയപ്പോരം അവളാകട്ടെ തന്നെ ഞെരുക്കുന്ന ചെന്നായെ ബന്ധിക്കുന്നതിനായി യേശുവിനെ അന്വേഷിച്ചിറങ്ങിയതായിരുന്നു

നിങ്ങരം കേട്ടിട്ടുള്ളതുപോലെ അവൻ ടൈറിൻെറയും സീദോൻേറയും അതൃത്തി പ്രദേശങ്ങളിൽ വന്നു. കാനാൻകാരി അവനോടപേക്ഷിക്കുവാൻ അവൻെറ പിന്നാലെ യാത്ര ചെയ്തു.

യേശുവിൻെറ പ്രവത്തനങ്ങളെക്കുറിച്ചുള്ള അറിവ് സ്ത്രീയെ ധൈര്യപ്പെടുത്തുകയും അവരം ആത്മവീര്യം നിറഞ്ഞവളായി അവനിൽ അഭയം തേടുവാൻ പരിശ്രമിക്കുകയും ചെയ്തു.

ദാവീദിൻെറ പുത്രനായ എൻെറ കത്താവേ, നശിക്കപ്പെട്ട എൻെറ മേൽ കരുണയുണ്ടാകണമേയെന്ന് ജന

www.malankaralibrary.com

ക്കൂട്ടത്തിന്റെ ഇടയിൽ നിന്ന് അവരം വിളിച്ചു പറയുവാൻ തുടങ്ങി.

എന്റെ പുത്രി സാത്താനാൽ നയിക്കപ്പെടുന്നു. ഇവരം നിന്നോട് യാചിക്കുന്നു– നീ മനസ്സായി അവളെ മോചിപ്പിക്കണമേ.

കരുണയില്ലാത്തവൻ പെൺകുട്ടിയെ ബന്ധിച്ചു അവളെ കഷ്ടപ്പെടുത്തുന്നു. അവരംക്ക് സൗഖ്യമുണ്ടാകുവാൻ അവനിൽ നിന്ന് അവളെ വീണ്ടെടുക്കണമേ.

യുവത്വത്തിലേയ്ക്ക് പ്രവേശിക്കുന്ന അവളെ വളരെ ക്രൂരമായി അവനിലേയ്ക്ക് ആനയിക്കുന്നു. അതാ നോക്കൂ അവൻ അവളെ ഭ്രമിപ്പിക്കുന്നു. അവൻ പിൻതിരിയാൻ നീ അവനെ ശകാരിക്കുക. വേവലാതിപ്പെട്ടുകൊണ്ടിരിക്കുന്ന അവളുടെ മനസ്സിനെ നീ ധൈര്യപ്പെടുത്തണം.

വലിയ ഹൃദയ ഭാരത്തോടും എന്നാൽ അവനെക്കുറിച്ചുള്ള അത്ഭുതാദരവോടുംകൂടി അവരം അവന്റെ പിന്നാലെ ചെല്ലുകയും അവളുടെ മക്കരംക്കുവേണ്ടി നെടുവീർപ്പോടെ അവനോടപേക്ഷിക്കുകയും ചെയ്തു

ദാവീദിന്റെ പുത്രനായ എന്റെ കർത്താവേ, കരുണ തോന്നി എന്റെ മകളെ സുഖപ്പെടുത്തണമേ. പിശാചു അവളെ കീഴ്പ്പെടുത്തിയിരിക്കുന്നു. നീ അവനെ നശിപ്പിച്ചില്ലായെങ്കിൽ അവൻ അവളെ ഉപേക്ഷിക്കുകയില്ല. നീ അവളിൽ ഉദാസീനനായിരിക്കരുതേ.

ഇവൻ ദാവീദിന്റെ സുതനെന്ന് വിജാതീയ പുത്രി അംഗീകരിക്കുകയായിരുന്നു.

www.malankaralibrary.com

പിശാചുക്കളുടെ തലവനെ കുററപ്പെടുത്തി ജന ക്കൂട്ടത്തിൻെറ ഇടയിൽനിന്ന് അവരം വിളിച്ചു പറഞ്ഞു.

കാനാൻകാരി താൻ യഥാർത്ഥമിശിഹാആണെന്ന വിശ്വസിച്ചെങ്കിലും അസൂയമൂത്ത എബ്രായർ അവ നിൽ വിശ്വസിച്ചില്ല.

യേശു നല്ല വൈദ്യനാണെന്നും, അവൻ പിശാചു കളെ ബഹിഷ്ക്കരിക്കുന്നു എന്നും, വിജാതീയർക്ക് അറിയാമായിരുന്നു. എന്നാൽ ജനത്തിൻെറ പുരോ ഹിതന്മാർ അവൻ ബേൽസബൂബിനാലാണ് അപ്ര കാരം ചെയ്യുന്നതെന്ന് പറഞ്ഞു.

ജനക്കൂട്ടത്തിനിടയിൽ നിന്ന് ഇവൻ ദാവീദിൻെറ സുതനാകുന്നുവെന്ന് വിജാതീയ പുത്രി പാടി. അവ നോടു മോശമായി പെരുമാറിയ യഹൂദരെ ഇപ്രകാരം അവരം നിന്ദിച്ചു.

പിശാചിനാൽ വഞ്ചിക്കപ്പെട്ട വിജാതീയ പുത്രി യിൽനിന്ന് പുതിയ സുവിശേഷവും പ്രവചനവും പ്രഘോഷിക്കപ്പെട്ടു.

പ്രവാചക വെളിപ്പെടുത്തലിനെ അറിഞ്ഞിരുന്ന സപ്രേമന്മാർ അതിനെ അവഗണിച്ചു. അന്തസത്തയി ല്ലാത്ത അനുഷ്ഠാന പ്രധാനമായ ജീവിതം നയിക്കുന്ന വരായിരുന്നു അവർ.

യേശു ദാവീദിൻെറ പുത്രനാണെന്ന് വിജാതീയ സ്ത്രീ അറിഞ്ഞു. പിശാചാകട്ടെ അവിടത്തെ തള്ളി

www.malankaralibrary.com

പ്പറഞ്ഞു. ജനസംഘമാകട്ടെ വിശ്വാസിനിയെ കുററപ്പെടുത്തി അവളെ നിരാകരിച്ചു.

ഉയർന്ന സ്വരത്തിൽ വിജാതീയ സ്ത്രീ വിളിച്ചു പറഞ്ഞപ്പോഠ വിജാതീയരുടെ വിശ്വാസം എത്രയോ വലുതായിരുന്നുവെന്ന് അവഠ അറിയിക്കുകയായിരുന്നു.

പിശാചുക്കളെ ബഹിഷ്ക്കരിക്കുവാനല്ല അവഠ യേശുവിനോട്ട് അപേക്ഷിച്ചത് പിന്നയോ വിജാതീയരുടെ അർത്ഥമില്ലാത്ത വിഗ്രഹാരാധനയെ നിരസിക്കുന്നതിനായിരുന്നു.

അവളുടെ ദുരിതത്തെ വർദ്ധിപ്പിച്ച ധിക്കാരിയായ പിശാചിനു പകരം, തന്റെ ശക്തിയാൽ ബലവാനായ പിശാചിനെ ബന്ധിക്കാൻ കഴിവുള്ള യേശുവിനെ അവഠ സ്വീകരിച്ചു.

യേശു കാനാൻകാരുടെ വിഗ്രഹത്തെ ഉന്മൂലനം ചെയ്യുന്നവനാണ് എന്ന് അറിഞ്ഞിരുന്നു, ഇവഠ അവരുടെ വിഗ്രഹാരാധനയെ അനുധാവനം ചെയ്തില്ല.

''ദാവീദിന്റെ പുത്രനായ യേശുവേ, എന്റെമേൽ കരുണ ചെയ്യണമെ'' എന്ന് ഉറക്കെ വിളിച്ചു പറഞ്ഞപ്പോഠ അവഠ സംശയമില്ലാത്ത വിശ്വാസത്തിന്റെ വീണയായിത്തീർന്നു.

ദുഷ്ട ധിക്കാരിയായ പിശാചിന്റെ പ്രവർത്തനം എന്റെ മകളെ കവർച്ച ചെയ്ത് കീഴ്പ്പെടുത്തി നശിപ്പിച്ചിരിക്കുന്നു. അങ്ങു വന്ന് അവളെ പ്രതിബന്ധങ്ങളിൽനിന്നും വീണ്ടുകൊള്ളണമെ.

www.malankaralibrary.com

പിശാച് നല്ലവരെ വക്രതയുള്ളവരാക്കുന്നു. പെൺകുട്ടിയിലും ഇത് സംഭവിച്ചിരിക്കുന്നു. അവൻ അവളെ മാനസിക വിഭ്രാന്തിയുള്ളവളാക്കി തകർക്കുന്നു. ആ പാവപ്പെട്ടവളിൽ നിന്ന് പിൻമാറാൻ നീ അവളോടു കൽപിക്കണമെ.

ആദം മുതലുള്ള മനുഷ്യ വർഗത്തെ ഈ ദുഷ്ടൻ ഉപദ്രവിക്കുന്നു. എൻെറ മകളുടെ മനസ്സ് നശിപ്പിച്ചിട്ട് ഇവൻ സമാധാനത്തിൽ കഴിയുന്നു

ഒരു ദേശത്തിൻെറ രാജാവ് അവൻെറ ആധിപത്യത്തിൽ നിന്ന് വിദേശികളെ ഓടിച്ചു പുറത്താക്കുന്നു. നീ ദാവീദിൻെറ പുത്രനാകയാൽ ഗോലിയാത്തിനെ എന്ന പോലെ പിശാചിനെ നിരോധിക്കണമേ.

വിജാതീയർ എൻെറ മകളെ അപമാനപ്പെടുത്തി പരിഹസിക്കാനിടയാക്കരുതെ. നീ അവളെ അവനിൽ നിന്നു രക്ഷിച്ചു് നിൻേറതാക്കി തീർക്കണമേ.

നിൻെറ പിതാവായ ദാവീദ് ഇസ്രായേൽ വംശത്തെ രക്ഷിച്ച് രാജാവായിരിക്കുകയും, ഇസ്രായേൽ കൂടാരത്തിൽ നിന്ന് ഫിലിസ്ത്യരുടെ നിന്ദയെ അകററുകയും ചെയ്തു.

ദാവീദ് തൻെറ ആടുകൾക്കുവേണ്ടി അവരെ കൊല്ലുകയും ഞെരുക്കങ്ങൾ ഒന്നും കൂടാതെ താത്പര്യത്തോടെ അവരെ മേയിക്കുകയും ചെയ്തു.

എൻെറ കർത്താവേ; നീ നിൻെറ കൂട്ടായ്മയെക്കുറിച്ച് ദാവീദിനേക്കാൾ താത്പര്യമുള്ളവനാണ്.

www.malankaralibrary.com

അതുകൊണ്ട് എന്റെ മകളെ കീഴ്പ്പെടുത്തിയിരിക്കുന്ന പിശാചിനോട് വിട്ടുപോകുവാൻ കല്പിക്കണമേ.

യേശുവിനെ പിന്തുടർന്ന കാനാൻകാരി യാചന യോടെ അപേക്ഷിക്കുകയായിരുന്നു. അവളുടെ യാചന കൾക്ക് അവൻ മറുപടികൊടുത്തില്ല എന്നാൽ അവ നിൽ നിന്ന് കരുണ വർഷിച്ചുകൊണ്ടിരുന്നു.

സംശയമില്ലാത്ത, വിശ്വാസത്തിലടിയുറച്ച ആ സ്ത്രീയെ യേശുവിനറിയാമായിരുന്നു. അവളെ കൂടു തൽ മഹത്വവതിയാക്കുന്നതിനായിരുന്നു അവൾ ഉറക്കെ വിളിച്ചു കരഞ്ഞപ്പോൾ അവളെ അവഗണിച്ച് കടന്നു പോയത്.

മിശിഹാ അവളെ സ്നേഹിച്ചിരുന്നു. എന്നാൽ അവളുടെ സഹന ശക്തിയാൽ അവളുടെ വിശ്വാസം വർദ്ധിക്കേണ്ടതിനായിരുന്നു, അവൾക്ക് കർത്താവു് ഉത്തരമരുളാതെ അവഗണിച്ചത്.

വിശ്വാസിനിയുടെ സ്നേഹത്തിന്റെ ശബ്ദം അവന് ഇമ്പകരമായിരുന്നു. താൻ ദാവീദ് പുത്രനാകുന്നു എന്ന് ജനങ്ങളുടെ മദ്ധ്യ ഉച്ചത്തിൽ വിളിച്ചു പറയു വാൻ യേശു അവളെ അനുവദിച്ചു,

അവളുടെ വിശ്വാസത്തിന്റെ ശ്രേഷ്ഠത വർദ്ധി പ്പിക്കുന്നതിനായിരുന്നു ആരംഭം മുതലേ അവൾ അട ങ്ങിയിരിക്കാതിരിപ്പാൻ മറുപടി നല്കാതിരുന്നത്.

യഥാർത്ഥമായ അവളുടെ സ്നേഹം വിഭജിക്ക പ്പെടാവുന്നതല്ല എന്ന് കാണിക്കുന്നതിനായിരുന്നു,

www.malankaralibrary.com

മിശിഹാ അവളെ അവഗണിക്കുന്നതു പോലെ ശാന്തനായി അവളിൽ നിന്ന് മാറി കടന്നുപോയത്.

അവളുടെ ഉയർന്ന സ്വരത്തിലുള്ള യാചന അപ്പസ്തോലൻമാർക്ക് ശല്യമായി തോന്നി. അവൾക്കു വേണ്ടി അപേക്ഷിക്കുവാൻ അവർ നമ്മുടെ കർത്താവിന്റെ അടുത്തേക്കു വന്നു.

അവളുടെ നിലവിളി എല്ലാവർക്കും (എല്ലാ ജനങ്ങൾക്കും) അരോചകമായി തോന്നി അവളെ നിശബ്ദയാക്കണമെന്ന് അപ്പസ്തോലൻമാർ യേശുവിനോട് പേക്ഷിച്ചുകൊണ്ടിരുന്നു.

അവളുടെ വിശ്വാസത്തിന്റെ സുന്ദര പ്രതിഛായ വർദ്ധിപ്പിക്കുവാൻ തന്റെ ശിഷ്യന്മാരുടെ മുമ്പാകയും അവളുടെ അപേക്ഷക്കുനേരെ യേശു മൗനമായിരുന്നു.

എന്റെ പിതാവ് എന്നെ അയച്ചിരിക്കുന്നത് ഇസ്രായേൽ ഭവനത്തിലെ ആടുകളുടെ പിന്നാലെയാണ്. ആയതിനാൽ ഇപ്പോൾ ഞാൻ അവരെ തിരിഞ്ഞ് കണ്ടെത്തേണ്ടിയിരിക്കുന്നു.

അബ്രഹാമിന്റെ ഭവനത്തിൽ നിന്നും പുറത്തുപോയ രക്ഷിക്കപ്പെട്ട ആടുകളെ ഞാൻ അന്വേഷിക്കുന്നു. എല്ലാ കോണുകളിൽ നിന്നും അവരെ കൂട്ടുവാൻ ഞാനാഗ്രഹിക്കുന്നു.

പറയപ്പെട്ടിരിക്കുന്നതുപോലെ എല്ലാവരേയും നേടേണ്ടിയിരിക്കുന്നു. ആയതിനാൽ വഴിതെററിപ്പോയ ആടുകളുടെ പിന്നാലെയാണ് ഞാൻ അയ്ക്കപ്പെട്ടിരിക്കുന്നത്.

എന്റെ ആടുകളെ തിരയുവാൻ ഞാൻ പുറപ്പെട്ടു. അവരെന്നെ തിരയുകയായിരുന്നില്ല. അതുകൊണ്ട് കടന്നുപൊയ്ക്കൊണ്ടിരുന്ന ജനക്കൂട്ടത്തിലേയ്ക്ക് ഞാൻ വന്നപ്പോൾ ചലനം സൃഷ്ടിച്ചു.

www.malankaralibrary.com

ജനങ്ങളുടെ പിന്നാലെ ഞാൻ പുറപ്പെട്ടു. അത് അവർ രക്ഷപ്രാപിക്കേണ്ടിവരും. അവൻെറ പിന്നിലേയ്ക്കു് വരേണ്ടവരുമായതിനാലാണ്. എന്നാൽ ഇപ്പോൾ അവർ കഠിനഹൃദയമുള്ളവരായി തീർന്നിരിക്കുന്നു.

ജനങ്ങളുടെ ശബ്ദബാഹുല്യം അവളെ എത്ര മാത്രം തടയുന്നുവെന്ന് ഇത് തെളിയിക്കുന്നു. അവൻ ക്ഷീണിതനാണ് എന്നതിനാൽ മറുപടി പറഞ്ഞില്ല. ഇക്കാരണത്താൽ മററുള്ളവർക്കു പ്രയാസം തോന്നി.

അവളുടെ കടന്നുവരവ് ദൈവസന്നിധിയിൽ കുറെ ആളുകൾ അപേക്ഷിക്കുന്നതിനായി വരുന്നു എന്നതിൻെറ പ്രതീകമാണ്. ദുരിതങ്ങളുടെ ആധിക്യം മൂലം വിശ്വാസഹീനർ നീതിമാർഗ്ഗത്തിൽ നിന്ന് അകലുന്നു.

യാക്കോബിൻെറ ആടുകൾക്കുവേണ്ടിയല്ലാതെ ഞാൻ അയ്ക്കപ്പെട്ടിട്ടില്ല. അവർ നീതിയിൽ നിന്നും അകന്നുപോയതിനാൽ ഞാനവരെ അന്വേഷിക്കുന്നു.

തൻെറ പിന്നാലെ വന്ന രോഗികളെ താൻ താങ്ങുകയോ സഹായിക്കുകയോ ചെയ്യാതിരുന്നതുകൊണ്ട് അതിനെക്കുറിച്ച് തന്നോട് കോപിപ്പാൻ നമ്മുടെ കർത്താവ് ജനത്തിന് അവസരം കൊടുത്തില്ല.

അവന് അവളോട് പ്രീതി തോന്നിയപ്പോൾ ജനങ്ങളുടെ വിശ്വാസം അപമാനപ്പെടുകയായിരുന്നു. ഇതിലൂടെ അവളോ ദൈവസന്നിധിയിൽ താഴ്ത്തപ്പെട്ടില്ല. മറിച്ച് അവൾ പ്രതീക്ഷിച്ചതിനേക്കാൾ മഹത്വവതിയായിത്തീരുകയാണ് ചെയ്തത്.

www.malankaralibrary.com

സ്ത്രീ ഉച്ചത്തിൽ നിലവിളിച്ചപ്പോഠം അടങ്ങിയിരിക്കാൻ അവൻ അവളെ ശാസിച്ചു. അവളുടെ വിശ്വാസം ശുദ്ധമായതിനാൽ അവഠം അപമാനിക്കപ്പെട്ടില്ല.

വളരെ ഞെരുക്കത്തോടെ ജനക്കൂട്ടത്തിൻെറ ഇടയിലേക്ക് പ്രവേശിച്ച അവഠം അവനോട് അപേക്ഷിച്ചു. എൻെറ കർത്താവേ നിൻെറ സഹായം എനിക്കാവശ്യമുള്ളതിനാൽ എന്നെ സഹായിക്കണമേ എന്ന്.

അവൻ അവളോട് മറുപടി പറഞ്ഞു. അപ്പം നൽകുന്നത് മക്കഠംക്കാകുന്നു. നായ്ക്കഠംക്ക് കൊടുക്കുന്നത് ഉചിതമല്ല. അപ്പം കഴിക്കാൻ കൊള്ളാത്തതാകുമ്പോഠം പട്ടികഠംക്ക് എറിഞ്ഞുകൊടുക്കുന്നു എന്നു മാത്രം.

ഭക്ഷിക്കുന്നതിനായി ഭക്ഷണമേശയിൽ ആദ്യം അവകാശികഠം കാണപ്പെടുന്നു. പിന്നീടാണ് വാത്സല്യത്തോടെയല്ലെങ്കിലും പട്ടികഠംക്കായി എറിഞ്ഞുകൊടുക്കുന്നത്.

നായ്ക്കളെ വിട്ടേക്കുക. ആദ്യം മക്കഠം ഭക്ഷണം വാങ്ങി ഭുജിക്കട്ടെ. അപ്പം നിലത്തെറിഞ്ഞു കൊടുക്കുവാൻ അവർ ജന്തുക്കളെല്ലല്ലോ.

എൻെറ കർത്താവേ പുത്രന്മാർക്കുള്ള മേശയിൽ നിന്ന് നായ്ക്കളും ഭക്ഷിക്കുകയും അവരോടൊന്നിച്ച് ജീവിക്കുകയും ചെയ്യുന്നുണ്ടല്ലോ എന്നവഠം പറഞ്ഞു.

നായ്ക്കഠംക്ക് വിളമ്പിയിട്ടില്ലാത്ത സാഹചര്യത്തിൽ യജമാനൻെറ മക്കളുടെ അപ്പമല്ലാതെ എവിടെ നിന്നാണ് അവർ ഭക്ഷിച്ചു സംരക്ഷിക്കപ്പെടുന്നത്. ?

www.malankaralibrary.com

യജമാനൻ നായ്ക്കാംക്ക് ഭക്ഷണം കൊടുക്കുന്നു. നായ്ക്കാം അവരോടൊന്നിച്ച് ജീവിക്കുകയും ചെയ്യുന്നു. കർത്താവല്ലാതെ തന്റെ നിക്ഷേപത്തിൽ നിന്ന് ആരാണ് ഇവരെ ജീവിപ്പിക്കുന്നത്?

യജമാനന്മാരേയും നായ്ക്കളേയും സംരക്ഷി ക്കുന്ന ഉടയവൻ എല്ലാ ആത്മാക്കളേയും മൃഗങ്ങളേയും സംരക്ഷിച്ചു സന്തോഷിപ്പിക്കുന്നു.

മേശയിൽ നിന്ന് അവകാശത്തോടെ മക്കാം ഭക്ഷി ക്കുന്നു. എന്നാൽ നായ്ക്കളാകട്ടെ മേശയിൽനിന്ന് പൊഴിയുന്ന അപ്പക്കഷണങ്ങാം നിക്ഷേപംപോലെ ഭക്ഷിക്കുന്നു

പിതാവിന്റെ തന്നെ അപ്പത്തിൽനിന്നാണ് മനുഷ്യ മക്കളും നായ്ക്കളും ജീവിക്കുന്നത്. എല്ലാവരേയും പിതാവിന്റെ മേശയിൽ നിന്ന് തീററിപ്പോററുന്നു.

നായ്ക്കാം ഭക്ഷിക്കുന്ന അപ്പക്കഷണങ്ങാം അപ്പം തന്നെയാണ്. നായ്ക്കാംക്കും മനുഷ്യപുത്രർക്കും ജീവൻ നൽകുന്ന പുളിപ്പുള്ള അപ്പം ഒന്നുതന്നെ.

അവകാശിയെപ്പോലെ മേശയിൽ നിന്ന് പുത്രൻ സുഭിക്ഷമായി ഭക്ഷിക്കുന്നു. എന്നാൽ നായ്ക്കളാകട്ടെ അവനോടുകൂടെ ജീവിക്കുന്നതിന് താഴെ വീഴുന്ന അപ്പത്തിൽ നിന്ന് ശേഖരിക്കുന്നു.

ഭവനവും അതിലെ നിക്ഷേപവും മക്കാംക്കായതു കൊണ്ട് അപ്പക്കഷണങ്ങളിൽനിന്ന് ഭക്ഷിക്കുന്നതിന് നായ്ക്കളെ മനുഷ്യൻ തടയാറില്ല.

www.malankaralibrary.com

എന്റെ കർത്താവേ നീ തന്നെയല്ലേ നായ്ക്കളേയും മൃഗങ്ങളേയും സംരക്ഷിക്കുന്നത്. ആയതിനാൽ നിന്നിൽ നിന്ന് സംതൃപ്തിയടയുന്ന ഈ വിജാതീയ ജനവും നിന്റേതു തന്നെയാണ്.

നിന്റെ മേശ അകത്തുള്ളവർക്കും പുറത്തുള്ളവക്കും നിറവുള്ളതാണ്. നീ വിദൂരസ്ഥരേയും സമീപസ്ഥരേയും സംതൃപ്തിപ്പെടുത്തുന്നു.

അവിടുന്ന് മക്കളേയും സേവകരേയും പോഷിപ്പിക്കുന്നതിന് കഴിവുള്ളവനാണ്. നായ്ക്കളും അവരോടൊന്നിച്ച് ജീവിക്കുന്നതിന് അപ്പക്കഷണങ്ങളിൽ നിന്ന് ഭക്ഷിക്കുന്നു.

തന്റെ ഭക്ഷണമേശയിൽ ആശ്രയം നേടുക ജനങ്ങൾക്കാവശ്യമാണ്. തന്റെ ജനത്തെ സമ്പന്നരാക്കുന്നതിന് അവിടത്തെ സംഭരണിയിൽ നിക്ഷേപങ്ങളുണ്ട്.

അങ്ങ് കരുണയുടെ വലിയ സമുദ്രമാകുന്നു. തന്റെ ദൈവികതയുടെ മഹാ പ്രളയത്തിന്റെ ചെറിയ ഒരു അംശത്തിൽ നിന്നു മാത്രം എല്ലാ ജനങ്ങളും നിറവുള്ളവരായിത്തീരുന്നു.

നീ ജീവന്റെയപ്പമാകുന്നു. നിന്നിൽ നിന്ന് വിജാതീയരും അല്ലാത്തവരുമായ ആയിരങ്ങൾ സംതൃപ്തിയടയുന്നു.

നീ നല്ല വൈദ്യനാകുന്നു. എല്ലാ സഹായവും നിന്നിൽ നിന്ന് ഒഴുകുന്നു. നിന്റെ ശക്തിയുടെ ചെറിയ ഒരംശത്തിൽ നിന്ന് ആയിരങ്ങളെ സുഖപ്പെടു

www.malankaralibrary.com

ത്തുന്ന അവയെല്ലാം നിനക്കു വളരെ നിസ്സാരങ്ങളാണ്.

ജനങ്ങളിലുള്ള പിശാചിനെ ദൂരെയകററുന്നതിനും രോഗങ്ങളെ സൗഖ്യമാക്കുവാനും അവിടന്ന് മതിയായവനാണ്. എല്ലാ ജനത്തിൻെറയും പീഡനങ്ങൾ നിന്നാൽ സൗഖ്യമാക്കപ്പെടുന്നു.

അവിടത്തെ സംഭരണിയിലെ നിക്ഷേപങ്ങൾ ഒരിക്കലും അവസാനിക്കാത്തതിനാൽ അവിടന്ന് ആഗ്രഹിക്കുന്നു എങ്കിൽ മരിച്ചില്ലാതായിപ്പോയവർ പോലും ജീവിക്കും.

എൻെറ കർത്താവേ സൗഖ്യമേററുന്ന നിൻെറ അപ്പക്ഷണങ്ങൾ എൻെറ മകൾക്ക് കൊടുക്കേണമേ. അതിൽ നിന്ന് അവൾ ജീവിച്ച് എന്നേക്കും നിൻേറതായി തീരട്ടെ.

നിന്നേക്കുറിച്ചുള്ള സൂചന കൂടുതൽ ഉദ്ദീപിപ്പിക്കുമ്പോൾ പിശാചുക്കൾ ഭയത്താൽ ഓടിയകലുന്നു. ജനത്തിൻെറ സന്തോഷത്തിൽ തത്പരനായ അവിടുന്ന് രോഗങ്ങളെ പുകപോലെ ഓടിയകററുന്നു.

അവിടുന്ന് വലിയ നിധിയാകുന്നു. എല്ലാ സഹായവും നിന്നിൽ ഞങ്ങൾ കണ്ടെത്തുന്നു. അവിടത്തെ തിരുവായാൽ കല്പിക്കുമ്പോൾ പിശാചുക്കൾ ഇല്ലാതാകുന്നു.

ഒരു ജനതയ്ക്കുവേണ്ടി മാത്രം കൊടുക്കാൻ പററിയ ചെറിയ അപ്പമല്ല അങ്ങയുടേത്. എല്ലാജനതയും അങ്ങിൽ നിന്ന് ഭക്ഷിച്ച് സംതൃപ്തിപ്പെടുന്നു.

www.malankaralibrary.com

ജനങ്ങളുടെ വേദന മാററുകയോ മാററാതിരിക്കുകയോ ചെയ്യുന്നതിലൂടെ നിന്റെ സമ്പത്ത് ക്ഷയിക്കുകയോ കുറഞ്ഞുപോകുകയോ ചെയ്യുന്നില്ല. എത്ര കോരിയാലും വർദ്ധിച്ചുവരുന്ന ഉറവയാണ്.

സ്വന്തം മക്കളെ തീററി തൃപ്തിപ്പെടുത്തുന്നതുപോലെ വിജാതീയ ജനതയ്ക്ക് അപ്പംകൊടുക്കണമേ. നായ്ക്കാംക്ക് എന്നപോലെ എങ്കിലും അങ്ങിൽനിന്ന് വിജാതീയർക്ക് അപ്പംകൊടുക്കണമേ.

എനിക്കും അവരാംക്കും എല്ലാവർക്കും സഹായം നൽകുന്നവൻ നീ ആകയാൽ നിന്റെ സന്നിധാനത്തിൽ വന്ന് അപേക്ഷിക്കുന്നവർക്ക് അവിടത്തെ സഹായം നിരോധിക്കരുതേ.

നിന്റെ ധനത്തോട് തുലനം ചെയ്യാൻ ആർക്കു സാധിക്കും? രാജാവിനോ? നിന്റെ ഭണ്ഡാരത്തെ ആർക്ക് ഇല്ലാതാക്കാൻ കഴിയും? എല്ലാ മനുഷ്യരുടേതിനേക്കാരം വലുതാണ് അവിടുത്തെ ശക്തി.

അവിടുത്തെ സ്നേഹത്തിന്റെ ഓളങ്ങളാൽ, ലോകത്തെ മുഴുവൻ മറയ്ക്കുവാൻ കഴിവുള്ള നന്മകളുടെ വലിയ സമുദ്രമായുള്ളോവേ നിന്നെ ആർക്ക് ശൂന്യമാക്കുവാൻ സാധിക്കും?

വിശക്കുന്നവരുടെ സംഭരണിയായുള്ളോവേ ആര് നിനക്ക് തുല്യനായുണ്ട്? എല്ലാ അതിർത്തികളിലുള്ളവരെയും തീററിപ്പോററുന്നവനായുള്ളോവേ ആർക്ക് നിന്നെ വേർപെടുത്താൻ കഴിയും.

നിന്റെ സഹായത്തിന്റെ ഒരംശം എന്റെ മക്കാംക്കു നീട്ടണമേ. അതിൽ നിന്ന് അവരാം ബലവും സൗഖ്യവും നേടി സംതൃപ്തിപ്പെടട്ടെ.

www.malankaralibrary.com

കാനാൻകാരിയുടെ വിശ്വാസം ജനങ്ങളുടെ വിശ്വാസത്തെ വർദ്ധിപ്പിക്കുവാനിടയാക്കി. അവരം സ്വീകരിച്ച വിശ്വാസം അന്നുമുതൽ എല്ലാവർക്കും ആസ്വാദ്യകരമായി അനുഭവപ്പെട്ടു.

അവരം അവനോടപേക്ഷിച്ചപ്പോരം അവഗണന യോടെ, അവൻ അവളെ നോക്കി. അവളാകട്ടെ തൻെറ ആവശ്യത്തെപ്പററി അവനിൽ സമ്മർദ്ദം ചെലുത്തി കൊണ്ടിരുന്നു. അവളുടെ ആവശ്യത്തെക്കുറിച്ചു ഉച്ച ത്തിൽ വിളിച്ചുപറഞ്ഞപ്പോരം മിണ്ടാതിരിക്കാൻ അവൻ അവളെ ശാസിച്ചു.

ജനക്കൂട്ടം അവളെ പഴിച്ചിട്ടും അവളുടെ അപേക്ഷ യിൽനിന്നവരം പിൻവാങ്ങിയില്ല. ശിഷ്യന്മാർ അരിശം പൂണ്ടെങ്കിലും അവരുടെ പിന്നിൽ നിന്നും അവളെ മാററി നിറുത്തിയില്ല.

അടക്കമൊതുക്കമില്ലാത്ത നായ്ക്കളുടെ കൂട്ടത്തിൽ അവരം എണ്ണപ്പെട്ടിട്ടുപോലും യാതൊരു ലജ്ജയു മില്ലാതെ അവളുടെ അപേക്ഷയെക്കുറിച്ചു് അവരം സമ്മർദ്ദം ചെലുത്തിക്കൊണ്ടിരുന്നു.

മക്കളുടെകൂടെ അവളെ കണക്കാക്കിയിട്ടില്ലാ യെന്നുള്ള കാര്യം അവളോടു വിവരിച്ചതിലും രക്ഷക നിൽ നിന്ന് മാറിപോകുവാൻ പറഞ്ഞതിലും അവരംക്ക് പരിഭവമില്ലായിരുന്നു.

പരിഹാസപൂർവ്വം യേശു അവളോടു് ഉത്തരം പറഞ്ഞു. നായെന്ന് വിളിച്ച് അവളെ തിരിച്ചയക്കാൻ

www.malankaralibrary.com

ശ്രമിച്ചു. എന്നാൽ അവരം സത്യവിശ്വാസമുള്ളവളാകയാൽ ഇതേക്കുറിച്ച് ദുഖിച്ചില്ല.

അപ്പസ്തോലന്മാർ അവളെ ശകാരിച്ചു എങ്കിലും അവളെ നിശബ്ദയാക്കാൻ അവർക്ക് സാധിച്ചില്ല. ധൈര്യപൂർവ്വം ശബ്ദിച്ചുകൊണ്ട് ജനക്കൂട്ടത്തിന്റെ തടസ്സത്തെ അവളകററി.

അനേകർ അവളെ തടഞ്ഞു. അപമാനിച്ചു. ആത്യന്തികമായി അവരെല്ലാവരേയും തോല്പിച്ച്, ഉത്സാഹത്തോടെ അവരം വിജയം കൈവരിച്ചു.

അവരം ഉയർന്ന സ്വരത്തിലപേക്ഷിച്ചപ്പോരം അത്രജനത്തോടുള്ള അപമാനമായി എല്ലാവർക്കും അനുഭവപ്പെട്ടു. അവർ അവളെ ശകാരിച്ചു. അവളാകട്ടെ എല്ലാവരോടും വളരെ സൗമ്യമായി സംസാരിച്ചു.

യേശുവും ഭാഗ്യവതിയായ അവളെ പരിപൂർണ്ണമായി അപമാനിച്ചു. പക്ഷേ, പ്രതികൂലഘട്ടത്തെ തരണം ചെയ്യാൻ അവനിൽ നിന്ന് അവരം ശക്തി സ്വീകരിക്കുന്നുണ്ടായിരുന്നു.

അവരംക്ക് വിജയിക്കാൻ ആവശ്യമായവ നമ്മുടെ കർത്താവിന്റെ മുമ്പിൽ ബുദ്ധിപൂർവം അവരം നേടി.

ഈ ജനക്കൂട്ടത്തിൽ നിന്നുണ്ടായ അപമാനം അവളുടെ വിശ്വാസത്തേയും വിവേകത്തേയും വർദ്ധിപ്പിക്കുവാൻ ഉപകരിച്ചു.

അവരം ഭക്ഷിക്കുന്നതിനുവേണ്ടിയല്ല അവന്റെ പിന്നാലെ പോയത് എങ്കിലും അവളെ നായ്ക്കളുടെ കൂട്ട

www.malankaralibrary.com

ത്തിൽ ഉറപ്പെടുത്തി തരംതാഴ്ത്തി. ഇതിനെ തരണം ചെയ്തതുകൊണ്ട് യേശുവിൽ അവൾ സംതൃപ്തിയടഞ്ഞു.

മേശയിൽനിന്നുള്ള അപ്പക്ഷണങ്ങൾ പട്ടികളും തിന്നുന്നുണ്ടല്ലോ എന്നവൾ മറുപടി പറഞ്ഞു. ഇപ്രകാരം തോൽവിയുടെ മടിത്തട്ടിൽ നിന്ന് അവൾ വിജയധ്വനി മുഴക്കുകയായിരുന്നു.

സത്യത്തിൽ അവന്റെ തരംതാഴ്ത്തൽ മുഖാന്തിരം അവളുടെ മേൽ കരുണ ചെയ്യാൻ താൻ ബാധ്യസ്ഥനാണെന്ന് അവൾ തെളിയിച്ചു. അവൾക്കാവശ്യമായിരുന്നതു നൽകുന്നത് നീതിയുടെ നിർവ്വഹണം മാത്രമായിരുന്നു.

യഥാർത്ഥത്തിൽ കർത്താവ് നായ്ക്കളേയും സംരക്ഷിക്കുവാൻ ബാധ്യസ്ഥനാണ്. മക്കളെ കൂടുതൽ സ്നേഹിക്കുന്നതിലൂടെ നായ്ക്കളും സംരക്ഷിക്കപ്പെടുകയാണ്.

അപമാനത്തിന്റെ നടുവിൽ വിജയത്തോടെ അവളുടെ കാലുകളെ ഉറപ്പിക്കുവാൻ സാധിച്ചതിൽ ചരിത്രം അവളെക്കുറിച്ചു രേഖപ്പെടുത്തുവാൻ കടപ്പെട്ടിരിക്കുന്നു.

യഥാർത്ഥത്തിൽ അവന്റെ വാക്കുകളാൽ അവൻ അവളെ വിലക്കിയപ്പോഴും നിരാശതയുടേയും പീഡനത്തിന്റേതുമായ ആ സമയത്തു് അതിൽ നിന്ന് വിജയം വരിക്കുവാൻ അവൾക്ക് സാധിച്ചു.

നായ്ക്കളും അപ്പക്ഷണങ്ങളിൽ നിന്ന് ജീവൻ സ്വീകരിക്കുന്നു. സത്യത്തിൽ അവളുടെ വിജയം

www.malankaralibrary.com

അവൻ അവളെ തരം താഴ്ത്തിയപ്പോറം അതു് സ്വീകരിച്ചു എന്നുള്ളതാണ്.

തന്നിൽ നിന്ന് അപ്പക്കഷണങ്ങറം സ്വീകരിക്കുവാൻ പുത്രന് അർഹതയുള്ളതു പോലെ അവളോടു കരുണ കാണിക്കുന്നതിന് യേശു ബാദ്ധ്യസ്ഥനാണെന്ന് അവറം തെളിയിച്ചു.

ഞാൻ നായും അവിടുന്ന് എന്റെ കർത്താവുമെന്നു അങ്ങു അംഗീകരിക്കുന്നു. അതുകൊണ്ട് ധാരാളമുള്ള അപ്പക്കഷണങ്ങളിൽ നിന്ന് നിന്റേതായിട്ടുള്ളതിനെ നീ പോററുന്നു.

എന്റെ നാഥാ നിന്നിൽ ജീവിച്ച് അവകാശവും സമ്പാദ്യവും നേടുന്നതിനായി നായ്ക്കളും മക്കളുടേതിൽ നിന്ന് ഭക്ഷിച്ചു തൃപ്തരാകുന്നു.

നായ്ക്കളുടെ ഉടയോനല്ലാതെ ആരാണ് അവയെ ജീവിക്കാനനുവദിക്കുന്നത്? മക്കളിൽ നിന്നും അവർ ഭക്ഷിക്കുന്നു. അവനോടൊപ്പം ജീവിക്കുകയും ചെയ്യുന്നു.

എല്ലാ ജീവനും നിന്നിൽ നിന്നു മാത്രമാകുന്നു. അതു് എനിക്കു നല്കപ്പെടുകയും ചെയ്യുന്നു. ആയതിനാൽ ഞാൻ നായാകുന്നു എങ്കിൽ നീ എന്റെ ഉടയവനാകുന്നു.

സ്നേഹിക്കുന്നവനാരോ അവൻ ബുദ്ധിമോശം കാണിക്കാറില്ല. എന്തെല്ലാം പറഞ്ഞാലും സ്നേഹത്തോടെ അവൻ അത് സ്വീകരിക്കുന്നു.

www.malankaralibrary.com

കാനാൻകാരിയെ നമ്മുടെ രക്ഷകൻെറയടുത്തേക്കാനയിച്ചത് അവനോടുള്ള അവളുടെ സ്നേഹം മാത്രമായിരുന്നു ഇതുകൊണ്ട് തന്നെയായിരുന്നു, അവളുടെ വാഗ്വാദത്തെ അവിടന്ന് സ്വാഗതം ചെയ്തതും.

അവൻ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോഠം ആരും ഒരിക്കലും ഇതുപോലെ അവനിലേയ്ക്ക് പിന്തിരിഞ്ഞില്ല. ഇവളിലെ സ്നേഹത്തിൻേറയും വിശ്വാസത്തിൻേറയും നിറവാണ് ഇതിനു കാരണമെന്ന് അരുളി ചെയ്തു.

ജനത്തിലെ സഭപ്രമുഖന്മാരെ യേശു വാദിച്ച് കുററപ്പെടുത്തിയെങ്കിൽ സ്നേഹത്തോടെ തന്നോടു സംസാരിച്ച ഇവഠം മൂലം അവിടന്ന് സന്തോഷിച്ചു.

സ്ത്രീയെ സ്നേഹം എന്നേക്കമായി കീഴടക്കിയിരുന്നു. ഈ സ്നേഹമായിരുന്നു നമ്മുടെ കർത്താവിൻെറ അടുത്തേക്ക് അവളെ കൊണ്ടു വന്നതും. ബലഹീനർക്ക് ജയം നേടുവാൻ സ്നേഹത്തിലൂടെ സാധിക്കുമെന്ന് അവഠം കാണിക്കുകയായിരുന്നു

ലൗകികരായവർക്കെതിരെ സ്നേഹം പ്രവർത്തിക്കുന്നു എന്ന സത്യം കാനാൻകാരി സ്ത്രീയിലൂടെ യേശു വെളിപ്പെടുത്തുകയായിരുന്നു.

അപ്പം എടുത്ത് നായ്ക്കഠംക്ക് ഇട്ടുകൊടുക്കുന്നത് നല്ലതല്ല എന്ന് യേശു പറഞ്ഞപ്പോഠം ''എങ്കിലും നായ്ക്കളും ഭക്ഷിക്കുന്നുണ്ടല്ലോ എന്ന്'' അവഠം മറുപടി പറഞ്ഞു.

www.malankaralibrary.com

നായ്ക്കരം ഭക്ഷിക്കുന്നത് നല്ലതല്ല എന്ന ആശയത്തോടു അവരം വിയോജിച്ചു. അവളുടെ വിശ്വാസത്തെ യേശു പുകഴ്ത്തിയപ്പോരം അവളുടെ ആശയത്തോട് അവൻ യോജിക്കുകയായിരുന്നു.

സ്നേഹാഗ്നിയാലുള്ള പ്രകാശത്തെ അവരം കണ്ടു. അവനെതിരായുള്ള വാദത്തേയും, അവളുടെ ധീരപ്രവൃത്തിയിലുള്ള വിജയത്തേയും അവൻ അംഗീകരിച്ചു.

മക്കളുടേതിൽനിന്ന് നായ്ക്കരം ഭക്ഷിക്കുന്നത് നല്ലതല്ല എങ്കിലും എന്റെ കർത്താവേ അപ്പക്കഷണങ്ങളിൽനിന്ന് അവയും ഭക്ഷിക്കുന്നുവല്ലൊ എന്ന് അവരം പറഞ്ഞു.

വിജ്ഞാനപ്രദവും കരുണയുള്ളതും സ്നേഹംനിറഞ്ഞതുമായ അവളുടെ വാദത്തെ അവൻ മനസ്സിലാക്കി. അവനിൽനിന്ന് കരുണ പ്രാപിച്ച് വിജയിക്കുന്നതിന് യേശു സന്തോഷത്തോടെ അവളെ അനുവദിച്ചു.

ആവശ്യമായവയാണ് അവരം തന്റെയടുത്ത് അപേക്ഷിച്ചത് എന്ന് മനസ്സിലാക്കിയ യേശു അവളുടെ വിശ്വാസത്തിൽ വിസ്മയിച്ചുപോയി. അവളുടെ മഹത്തായ വിശ്വാസത്തെ ജനക്കൂട്ടത്തിന്റെ മുമ്പിൽ പ്രകീർത്തിക്കുകയുംചെയ്തു.

നന്മകരം നിറഞ്ഞ വലിയ കിരീടത്തെ മെടയുന്ന ജ്ഞാനി, അവളുടെ വിശ്വാസത്തെ ജനക്കൂട്ടത്തിന് ദൃഷ്ടാന്തപ്പെടുത്തി, പ്രസിദ്ധമാക്കിക്കൊണ്ട് പ്രഖ്യാപിക്കുകയായിരുന്നു.

അല്ലയോ സ്ത്രീ നിന്റെ വിശ്വാസം എത്രയോ വലുതാണ്. ആയതിനാൽ നീ ആഗ്രഹിച്ചതുപോലെ യഥാർത്ഥത്തിൽ നിനക്ക് ഭവിക്കട്ടെ എന്ന് അവൻ അരുളിച്ചെയ്തു.

www.malankaralibrary.com

മിശിഹാ അവളെ എല്ലാ നിക്ഷേപങ്ങൾക്കും ഭവന വിചാരകയായി നിയമിച്ചു. കാരണം, അവളുടെ ആഗ്രഹം അത്രമാത്രം നീതിക്ക് നിരക്കത്തക്കതാണെന്ന് അവിടുന്നറിഞ്ഞു.

നീ ആഗ്രഹിച്ചതുപോലെ നിനക്ക് ഭവിക്കട്ടെ എന്ന് അരുളിച്ചെയ്തുകൊണ്ട് അവളുടെ ഇഷ്ടമനുസരിച്ച് ആഗ്രഹിക്കുന്നതത്ര കരുണ പ്രാപിപ്പാൻ യേശു അവളെ അനുവദിക്കുകയായിരുന്നു.

പിശാച് അവളുടെ മകളെ വിട്ടുമാറാൻ ആഗ്രഹിച്ചു. അത് വിട്ടുമാറുകയും ചെയ്തു. അവൾക്ക് മററു വ്യാകുലതകളൊന്നും ഇല്ലായിരുന്നു.

അവർ ആഗ്രഹിക്കുന്നതുപോലെ സംഭവിക്കുന്നതിനുള്ള അനുഗ്രഹം അവൻ അവർക്ക് നല്കി. എന്തുകൊണ്ടെന്നാൽ അവനെ വിളിക്കുന്ന എല്ലാവരേയും അവൻ ധന്യരാക്കുന്നു.

സ്വാർത്ഥത നിറഞ്ഞ സ്നേഹത്തോടു കൂടിയല്ലാതെ ഒരുവനും ദൈവത്തെ സമീപിക്കുന്നില്ല എന്ന സത്യവും നിറഞ്ഞ യാചനയുമായി പ്രത്യക്ഷപ്പെടുന്ന ഇവളിലൂടെ മനസ്സിലാക്കാം.

വിശ്വാസത്തിന് ഉയർന്ന കോട്ടകളെ ചവിട്ടി കടക്കാൻ സാധിക്കും. ഉറച്ച വിശ്വാസത്തിന് മുമ്പിൽ പിശാചുക്കൾക്ക് പിടിച്ചു നിൽക്കാനാവില്ല. അവളിൽ നിന്ന് മാറിപോകുന്നതിനായി പിശാചുക്കളെ അവൻ ശാസിച്ചു.

www.malankaralibrary.com

പിശാചുക്കളെ അവളിൽ നിന്നും ദൂരീകരിച്ച്, അവളെ അലട്ടിക്കൊണ്ടിരുന്ന എല്ലാ രോഗത്തേയും പായിച്ച് അവൾക്കാശ്വാസം നൽകി.

സുഖപ്പെടുത്തലിലൂടെ അല്ലാതെ നമ്മുടെ കർത്താവിനെ പൂർണ്ണമായി ആർക്കും കാണാൻ സാധിക്കുകയില്ല. കർത്താവ് അവളെ സുഖപ്പെടുത്തി അനുഗ്രഹിക്കുകയായിരുന്നു.

വിശ്വാസത്തോടെ നീ നിന്റെ ഹൃദയത്തെ ദൈവത്തിന് സമർപ്പിച്ചു കൊള്ളുക. നീ യഥാർത്ഥമായി ദൈവത്തെ സ്നേഹിക്കുന്നുവെങ്കിൽ ആഗ്രഹിക്കുന്നത് നിനക്ക് ലഭിക്കും.

അവൾ അവനെ വിളിച്ചപ്പോൾ യേശു അവൾക്ക് ഉത്തരമരുളി. ഇന്നും അവനോട് ചോദിക്കുന്നവർക്ക് അവൻ ഉത്തരമരുളുന്നു.

അവളിൽ നിന്ന് പിശാചിനെ സാവധാനം ബഹിഷ്ക്കരിച്ചതുപോലെ നിന്നെ പീഡിപ്പിക്കുന്ന ദുരിതത്തെ യേശുവാകുന്ന വൈദ്യൻ താത്പര്യത്തോടെ ദൂരെയകററും.

തിന്മപ്പെട്ട കഷ്ടത നിന്റെ സന്തോഷത്തെ വർദ്ധിപ്പിക്കുകയില്ല. വൈദ്യനെ വിളിച്ചപേക്ഷിക്കുക. അവൻ തന്റെ മരുന്നുകൾ കൊണ്ട് നിന്നെ ലേപനം ചെയ്യും.

കാനാൻ മകൾ ദുഷ്ടന്റെ മേൽ ആധിപത്യം പുലർത്തിയതുപോലെ ദുഷ്ടന്റെ മേൽ നീയും ആധിപത്യം പുലർത്തുക. അവൻ നിന്നിൽ നിന്ന് ഓടിയകലുന്നതിനായി യേശു അവനെ തകർക്കും.

കാനാൻകാരി സ്ത്രീയിൽ ഏതൊന്നിന്റേതാണോ നീ കാണുന്നത്, അതുപോലെ നിന്നിലേയ്ക്ക് തിരിഞ്ഞു

www.malankaralibrary.com

നോക്കി നിന്റെ ശോഭയെ കണ്ടെത്താൻ ശ്രമിക്കുമ്പോൾ അപ്രകാരമുള്ള ഉപദ്രവങ്ങൾ നിന്നിലും നീ കണ്ടെത്തും.

പിശാചിന്റെ പീഡനം വളരെ വലുതായിട്ടുണ്ടായിരുന്നിട്ടും കാനാൻ പുത്രി ദൈവത്തെ സ്നേഹിച്ചു. അതുപോലെ സ്നേഹിക്കാൻ ബാധ്യതയുള്ള ഒരാത്മാവ് നിനക്കുമുണ്ട്.

ദുഷ്ടൻ കാനാൻ മകളെ ദണ്ഡിപ്പിച്ച് ഞെരുക്കിയതുപോലെ നിന്റെ പാപങ്ങൾ നിന്നെയും നശിപ്പിച്ചുകൊണ്ടിരിക്കുന്നതിനാൽ നിനക്ക് ദൈവത്തിൽ ആഴത്തിൽ പ്രവേശിക്കാൻ സാധിക്കുന്നില്ല.

കുട്ടിയുടെ ആത്മീയ നൊമ്പരത്തിനു കാരണം ദുഷ്ടപിശാചായിരുന്നു. അവളെപ്പോലെ നീയും ദൈവത്തോടപേക്ഷിച്ചാൽ നീ സൗഖ്യം പ്രാപിക്കും.

അവൾ തന്റെ മകൾക്കുവേണ്ടി അപേക്ഷിച്ചതുപോലെ നീ നിന്റെ ആത്മാവിനുവേണ്ടി യാചിക്കുക. ആ യാചന അവന് പ്രസാദകരമാവുകയും നിന്നെ അവന് അനുയോജ്യനും പ്രിയപ്പെട്ടവനുമാക്കി തീർക്കുകയും ചെയ്യും.

നിന്നിൽ നിന്ന് പാപത്തെ ദൂരെയകററുന്നുവെങ്കിൽ നിന്റെ ആത്മാവ് സന്തോഷിക്കും. യേശുവിൻ സന്നിധാനത്തിലേയ്ക്ക വരൂ. അവിടുന്ന് പിശാചിനെ ദൂരീകരിക്കുന്നതിനായി പ്രവർത്തിച്ചു കൊള്ളും.

കാനാൻകാരിയുടെ വിശ്വാസവും നീ സ്വീകരിക്കുക. അസഹ്യപ്പെടുത്തുന്നതായ വേദനകൾ നിന്നെ ശല്യപ്പെടുത്തുന്നുണ്ടെങ്കിൽ യേശു അവയെ ശമിപ്പിക്കും.

www.malankaralibrary.com

നീ പ്രാർത്ഥനയിൽ ഉപേക്ഷ കാണിക്കാതിരുന്നാൽ യേശു നിന്നിലും ഉദാസീനത കാണിക്കുകയില്ല. അപേക്ഷയിൽ നീ അമാന്തിക്കാതെയിരിക്കണം. അവിടുന്ന് നിന്നെ താൽപര്യത്തോടെ പ്രശോഭിപ്പിച്ചുകൊള്ളും.

ഉദാസീനനെപ്പോലെ തന്നെ സ്നേഹിക്കുന്നവനോട് അവൻ വിമുഖത കാണിക്കുന്നതു്, അവനോടുള്ള കോപം കൊണ്ടല്ല പിന്നയോ അവന്റെ വിശ്വാസത്തെ കൂടുതൽ വർദ്ധിപ്പിച്ചു് അവയെ പ്രകീർത്തിക്കുന്നതിനു വേണ്ടിയാണ്.

അവൾ ആഗ്രഹിച്ചതനുസരിച്ചു് യേശുവിന്റെ നിക്ഷേപത്തിൽ നിന്ന് ധനം ശേഖരിക്കുവാൻ അവൾക്കു സാധിച്ചു. ധീരത ഒന്നുമാത്രമായിരുന്നു അവളുടെതായ അവസ്ഥയിൽ നിന്നുകൊണ്ടു് വളരെ എളുപ്പമായി അവന്റെ ഭണ്ഡാരങ്ങൾ തുറക്കാൻ ഇടയാക്കിയതു്.

അവൾ ശാസിക്കപ്പെട്ടപ്പോൾ കാനാൻ സ്ത്രീക്കു് അത് വലിയ പ്രയാസമായി തോന്നിയില്ല. ഇവിടെ അവളുടെ വിശ്വാസത്തിന്റെ തീഷ്ണത കൊണ്ട് മാത്രമല്ല അവൾ പ്രകീർത്തിക്കപ്പെട്ടതു്.

നീ അലസനാകാതെ കഴിയുന്നുവെങ്കിൽ നിന്റെ വിശ്വാസത്തെ അവൻ ഉയർത്തിക്കൊള്ളും. എന്തെന്നാൽ പിശാചിന്റെ കവാടത്തെ ധീരതയോടെ തരണം ചെയ്യുന്നതിൽ യേശു സന്തോഷിക്കുന്നു.

ഉയർന്ന സ്വരത്തിൽ ജനങ്ങളുടെ ഇടയിൽ നിന്ന് കരഞ്ഞ ഈ സ്ത്രീയെ യേശു ശകാരിച്ചിട്ടും അവളുടെ സഹായാഭ്യർത്ഥനയിൽ നിന്ന് അവൾ പിന്മാറിയില്ല.

www.malankaralibrary.com

അവൻെറയടുത്തു നിന്നും ഒന്നും സ്വീകരിക്കാതെ തിരിച്ചു പോകുന്നതിന് അവരം വഴങ്ങിയില്ല. സ്നേഹം കൊണ്ട് അവരം അവനെ സ്വന്തമാക്കിയതിനാൽ അവളുടെ അപേക്ഷക്കനുസരിച്ച് സ്വീകരിച്ചതിനു ശേഷമേ അവരം അവിടെ നിന്നും മാറിപ്പോയുള്ളു.

യേശുവിനോട് അവരം വാദപ്രതിവാദം നടത്തി തൻെറ മേൽ വിജയം വരിച്ചതിൽ അവൻ അവളെ പുകഴ്ത്തി. മത്സരിക്കുകയാണെങ്കിലും സ്നേഹത്തിന് രഹസ്യമായി പിൻമാറാൻ സാധിക്കുകയില്ല.

അല്ലയോ സ്ത്രീയേ നിൻെറ വിശ്വാസം വളരെ വലുതാകുന്നു. എല്ലാവരേയുംകാരം അവരം ശ്രേഷ്ഠയാണെന്നും, അവളെ അനുകരിക്കണമെന്നും അഭ്യർത്ഥിച്ചു കൊണ്ട് മിശിഹാ അവളെ ജനക്കൂട്ടത്തിന് വെളിപ്പെടുത്തി.

മനുഷ്യാ — അത്ഭുതം നിറഞ്ഞതായ അവളുടെ തീഷ്ണത സ്വീകരിക്കുക. നീ കഷ്ടതയിലാണെങ്കിലും അവയെ തരണം ചെയ്യുവാൻ നിനക്കു കഴിയും.

ചോദിക്കുമ്പോരം, തരുന്നവനെ സംബന്ധിച്ച് സംശയിക്കേണ്ട. ആവശ്യക്കാർക്കെല്ലാം ഐശ്വര്യം പ്രദാനം ചെയ്യുവാൻ തൻെറ ഭണ്ഡാരം വലിയതാകുന്നു.

അവൻ തന്നെയാണ് വഴി. അതിലൂടെ സഞ്ചരിക്കുന്ന മനുഷ്യൻ തൻെറ പിതാവിനെ കാണുന്നു. അവൻ ജീവൻെറ വാതിലാകുന്നു. അതിലൂടെ പ്രവേശിക്കുന്നവൻ മരണത്തെ ജയിക്കുന്നു.

www.malankaralibrary.com

അവൻ തന്നെയാണ് യഥാർത്ഥ വൈദ്യൻ. എല്ലാ സഹായവും അവനിൽ നിന്ന് ഒഴുകുന്നു. അവനു ചുററും ജീവൻ ചൊരിയുന്ന ഉറവയുണ്ട്.

അവിടുന്ന് പിശാചുക്കളേയും, ദുഷ്ടാത്മാക്കളേയും മനുഷ്യരിൽ നിന്ന് ബഹിഷ്ക്കരിക്കുന്നു. അവൻ തന്നെ രോഗവും മാലിന്യവും, പീഡനവും സുഖപ്പെടുത്തുന്നു.

പെരുകിക്കൊണ്ടിരിക്കുന്ന ലോകത്തിൻെറ പാപത്തെ അവൻ പരിഹരിക്കുന്നു. ആത്മാവിൻെറ ജീവനെ പ്രശോഭിപ്പിച്ച് മഹത്തരമാക്കുന്നതും അവൻ തന്നെ.

അവൻെറ സുവിശേഷ ശക്തിയാൽ ചുങ്കക്കാരേയും പാപികളേയും പാപമോചനത്താൽ അവൻ നീതീകരിക്കുന്നു.

തന്നോടപേക്ഷിച്ച കാനാൻകാരിയിലെ പിശാചിനെ പുറത്താക്കിയ യേശുവിനെ നീ സൂക്ഷിച്ചു വീക്ഷിക്കുന്നു എങ്കിൽ നിൻെറ ആത്മാവിൻെറ നൊമ്പരത്തെ അവൻ ഇല്ലാതാക്കും.

തൻെറ ശക്തിയാൽ ലോകത്തിൻെറ ഭാരത്തെ പേറുന്നു. അവിടെ സ്ഥിതി ചെയ്യുന്ന എല്ലാ സൃഷ്ടികളേയും അവൻ താങ്ങുകയും ചെയ്യുന്നു.

അവൻ നീതി സൂര്യനും, വലിയ പ്രകാശവും രോഗികളെ സുഖപ്പെടുത്തുന്ന വൈദ്യനുമാകുന്നു.

അവിടുന്നു് എല്ലാവരേയും ഐശ്വര്യപ്പെടുത്തുന്ന ഐശ്വര്യവാനും, ബലഹീനരെ ശക്തിപ്പെടുത്തുന്ന ബലവാനും, ധനവാൻെറ പുത്രനുമാകുന്നു.

www.malankaralibrary.com

രോഗങ്ങളേയും മുറിവുകളേയും സുഖപ്പെടുത്തുകയും പിശാചുക്കളെ പുറത്താക്കുകയും ചെയ്യുന്നത് അവിടന്നു തന്നെ.

മുകളിൽ നിന്ന് ഇറങ്ങി, ലോകം സന്ദർശിച്ചു്, അതിന്റെ ജീർണ്ണാവസ്ഥയെ സുഖപ്പെടുത്തിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

പരിശുദ്ധനായ മാർ യാക്കോബിന്റെ കാനാൻകാരിയെക്കുറിച്ചുള്ള പ്രസംഗം അവസാനിച്ചു. ആമ്മീൻ.

★

MALANKARA
LIBRARY

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com